032:1G19:11 H8 SEERAMAN: MALAYALA RAMACHARITAM

032:1G19:11 H8

MUL
165341

# മലയാള—'രാമചരിതം'

സുപ്രസിദ്ധപ്രാചീനകൃതിയായ

'രാമചരിതം'

ആധുനികഭാഷാപദ്യങ്ങളിൽ.

(ആദ്യത്തെ പതിനഞ്ചു പടലംമാത്രം)

ഗ്രന്ഥകർത്താ,

എം. ആർ. വേലുപ്പിള്ളശാസ്ത്രി ബി. ഏ.

പ്രസാധകർ,

ശ്രീരാമവിലാസം പ്രസിദ്ധീകരണശാല,

കൊല്ലം.

1124.

Malayala Ramacharitam
by
Sreeraman
M. R. Veluppilla Sastri.
Sri Ramavilasam Publishing House
UNIVERSITY LIBRARY
7 APR 1956

ശ്രീരാമവിലാസം പ്രസ്സ്,

കൊല്ലം.

1-ാം പതിപ്പ് കാപ്പി 500

165341
38269
032:1 G11:1…
H8

# പ്രസ്താവന

തിരുവിതാംകൂർ, മദ്രാസ് എന്നീ സർവ്വകലാശാലകളിലെ വിദ്വാൻ, സാഹിത്യവിശാരദ, മലയാളം ബി. ഏ; ആണേഴ്സ്, എം. ഏ. എന്നീപരീക്ഷകൾക്കു് നിയമേന പാഠ്യഗ്രന്ഥമാകുന്ന ഒരു കൃതിയാകുന്നു, രാമചരിതം. കാവ്യഗുണം തികഞ്ഞു് ഇത്രത്തോളം പഴക്കമുള്ള അന്യഗ്രന്ഥങ്ങൾ ഉണ്ടോ എന്ന കാര്യം സംശയമാണു്. സുപ്രസിദ്ധമായ രാമായണം കഥയിലെ യുദ്ധകാണ്ഡം, വാല്മീകിരാമായണം മിക്കവാറും അനുകരിച്ചു് ഉൾക്കൊള്ളുന്ന പ്രതിപാദനരീതിയോടുകൂടിയ ഈ ഗ്രന്ഥം മേൽപറയപ്പെട്ട പരിക്ഷാവിജയം ആഗ്രഹിക്കുന്നവർ വായിക്കുകയോ പഠിക്കുകയോ ചെയ്യുന്നുണ്ടു് എങ്കിലും കാവ്യമാർഗ്ഗപരിചയം സിദ്ധിച്ച സാധാരണവായനക്കാരുടെ ശ്രദ്ധയ്ക്കു് വിഷയീഭവിക്കുന്നില്ല എന്നതു് ഒരു പരമാർത്ഥം മാത്രമാണു്. കാരണം, രാമചരിതത്തിലെ ഭാഷാപരമായ വിചിത്രതതന്നെയാകുന്നു. ദ്രാവിഡസാഹിത്യത്തിന്റെ പ്രഭാവകാലത്തു് തമിഴ്ഭാഷയോടുണ്ടായിരുന്ന അടുപ്പം മലയാളകൃതിയായ രാമചരിതത്തിൽ മികച്ചുകാണുന്നുണ്ടു്. അതിനാൽ, തമിഴ്പദങ്ങളോ, തമിഴ്രീതിയനുസരിച്ചുള്ള പ്രയോഗങ്ങളോ നിമിത്തം രാമചരിതം ആധുനികഭാഷാഭിമാനികളെ സാമാന്യേന ആകർഷിക്കാറില്ല. കൂടാതെ, സർവ്വകലാശാലവക പരീക്ഷ്യന്മാർപോലും ഈ ഗ്രന്ഥം അത്ര വളരെ ആസ്വാദനപരമായ ഒരു മനോഭാവത്തോടെ വായിക്കുന്നുണ്ടോ എന്ന കാര്യം സംശയമാണു്. ശുഷ്കവും വിചിത്രവുംആയ ഒരു തമിഴ്ഛായ കാണുന്നതുകൊണ്ടു് ഈ ഗ്രന്ഥം വായിക്കുവാനും പദപ്രയോഗങ്ങളുടേയും, പ്രതിപാദനരീതിയുടേയും വൈചിത്ര്യംനിമിത്തം ശരിയായി ഈ ഗ്രന്ഥത്തെ അഭിനന്ദിക്കുവാനും വിദ്യാർത്ഥികൾക്കു് സാധിക്കുന്നില്ല. ഈ ഒരു

ന്യൂനത കഴിയാവുന്നതും പരിഹരിച്ച് രാമചരിതത്തിൻെറ ലളിതസുന്ദരമായ ആശയപ്രകാശനരീതിയും ഒരു കവി എന്ന നിലയിൽ ഗ്രന്ഥകത്താവു് അവലംബിച്ചിട്ടുള്ള സങ്കല്പശക്തിയുടെ മാതൃകയും സാധാരണ മലയാളവായനക്കാൎക്കു മനസ്സിലാകണം എന്ന ഉദ്ദേശത്തോടെയാണു് 'മലയാള രാമചരിതം' എന്ന പേരിൽ വിപുലമായ ആ ഗ്രന്ഥത്തിൻെറ ഒന്നുമുതൽ പതിനഞ്ചുപടലങ്ങളുടെ ഒരു വിവൎത്തനമായി ഈ ചെറുഗ്രന്ഥം രചിക്കുവാൻ ഇടയായിട്ടുള്ളതു്.

'രാമചരിതം' ദ്രാവിഡഭാഷാരീതി അനുകരിക്കുന്ന ഒരു കൃതിയാണെങ്കിലും, അതിലെ പദ്യഭാഗം മിക്കവാറും സംസ്കൃതവൃത്തങ്ങളോടു തുല്യമായ ചില മട്ടുകളിലാണു് രചിക്കപ്പെട്ടിട്ടുള്ളതു്. അദ്ധ്യായമെന്നോ സൎഗ്ഗമെന്നോ ഉള്ള പേരനുപകരം ഓരോവിഭാഗവും പടലങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്നു. ഓരോ പടലത്തിലും എട്ടുവരിയോ നാലുവരിയോ അടങ്ങുന്ന പതിനൊന്നുപദ്യങ്ങൾ വീതമാണു് കാണുന്നതു്. ഈ പദ്യങ്ങൾ സംസ്കൃതമുക്തകങ്ങളുടെ രീതിയിൽ ഓരോ ആശയം പൂൎണ്ണതയോടെ വഹിക്കുന്നു. കുളകകലാപകരീതികളിൽ അപൂൎവ്വമായി ഒന്നിലധികം പദ്യങ്ങൾ ചേൎന്നു അന്വയിക്കുന്ന ഘട്ടങ്ങളും ഇല്ലെന്നില്ല. ഏതായാലും കിളിപ്പാട്ടു്, ഗാഥ, വഞ്ചിപ്പാട്ടു് മുതലായ മട്ടുകൾക്കല്ല പദ്യങ്ങൾക്കുതന്നെ ഗണന നൽകേണ്ട വിധത്തിലാണു് പാദഗുംഫനം. അതിനാൽ പദ്യരൂപത്തിൽതന്നെ ഈ കൃതിയെ ആധുനികമലയാളത്തിൽ ഒരു ലഘുവിവൎത്തനത്തിന്നു അധീനമാക്കിയാൽ വിദ്യാൎത്ഥികൾക്കും സാധാരണ വായനക്കാൎക്കും കൂടുതൽ പ്രയോജനകരമായിരിക്കുമെന്നും, അപ്രകാരമുള്ള ഒരു വിവൎത്തനം വായിക്കുന്നതോടെ മൂലഗ്രന്ഥപദ്യങ്ങൾ വായിച്ചാൽ എളുപ്പത്തിൽ ആശയാവബോധവും ഉണ്ടാകുമെന്നും കരുതിയാണു് ഇപ്രകാരം ഒരുദ്യമത്തിൽ ഏൎപ്പെട്ടതു് എന്നു വീണ്ടും.

'രാമചരിതം' ഇദംപ്രഥമമായി പ്രസാധനംചെയ്തിട്ട് നാല്പതോളം വർഷമാകുന്നുണ്ടെങ്കിലും—വിപുലീകൃതമായ പ്രസ്തുത ഗ്രന്ഥം തിരുവനന്തപുരം ഗ്രന്ഥപ്രസിദ്ധീകരണ ശാലാധികൃതർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് എങ്കിലും—ഇതേ വരെ ഇപ്രകാരം ഒരു 'മലയാളരൂപം' ആ ഗ്രന്ഥത്തിന് സിദ്ധിക്കുകയുണ്ടായിട്ടില്ലല്ലോ. എന്നാൽ അനവധി പാഠഭേദങ്ങളും അഭിപ്രായഭേദങ്ങളും ഉള്ള പല ഭാഗങ്ങളും ഈ കൃതിയിൽ ഉണ്ടെന്നും, തന്നിമിത്തം വിവർത്തനം പരിപൂർണ്ണമാകാൻ ഇടയില്ലെന്നും ധാരാളം സമ്മതിക്കുന്നു. എങ്കിലും അതിമനോഹരമായ രാമചരിതത്തിന്റെ ആശയപ്രകാശനരീതി സാധാരണ മലയാളികൾക്ക് ക്ലേശംകൂടാതെ മനസ്സിലാകുവാൻ പ്രയോജനപ്പെടുംഎന്ന വിശ്വാസം മാത്രമാണ്, ഇങ്ങനെയൊരു യത്നത്തിന് പ്രേരിപ്പിച്ചിട്ടുള്ളത്.

രാമചരിതം കേവലം പ്രാചീനമായ ഒരു കൃതിയാണെങ്കിലും, അനേകമനേകം പ്രകാരത്തിൽ അനേകശതവർഷങ്ങളായി ബഹുജനങ്ങളുടെ ദൃഢപരിചയത്തിൽ എത്തിയ രാമായണം കഥയിലെ യുദ്ധകാണ്ഡമാണ് പ്രതിപാദ്യവിഷയം എങ്കിലും, ഒരു കാവ്യം എന്ന നിലയിൽ പ്രസ്തുത കൃതിയ്ക്കുള്ള മേന്മ ശാശ്വതംതന്നെയാകുന്നു.

ഈ കൃതിയിൽ ആദ്യത്തെ പതിനഞ്ചുപടലങ്ങളാണ് സാധാരണയായി സർവ്വകലാശാലവക പരീക്ഷകൾക്ക് നിർദ്ദേശിക്കപ്പെടുന്നത് എന്നകാരണത്താൽ ആ ഭാഗംമാത്രം സ്വീകരിച്ചിട്ടുള്ളതാകുന്നു. അതായത് ശ്രീരാമദൂതനായ ഹനൂമാൻ ലങ്കയിൽനിന്നു മടങ്ങിയെത്തുന്നതുതൊട്ട് ഇന്ദ്രജിത്തിന്റെ ബ്രഹ്മാസ്ത്രപ്രയോഗംവരെയുള്ള കഥാഭാഗം. അതുകഴിഞ്ഞു കാണുന്നത് കേവലം യുദ്ധത്തിന്റെ സൂക്ഷ്മമായ ചിത്രീകരണമോ വർണ്ണനയോ ആകുന്നു. തന്നിമിത്തം ആ ഭാഗങ്ങൾക്ക് അല്പമായ ഒരു 'ഖരത' സംഭവി

ച്ചിട്ടില്ലേ എന്നു സംശയമുണ്ടു്. അഥവാ, അപ്രകാരമല്ലെങ്കിലും ഈ ഉദ്യമം വിജയകരമാണോ അല്ലയോ എന്ന ആത്മവിശ്വാസക്കുറവും തുടൎന്നു തൎജ്ജമചെയ്യുവാൻ ഒരു പ്രതിബന്ധമായി.

മൂലഗ്രന്ഥത്തിന്റെ ഒരു പദ്യപരാവൎത്തനം എന്ന നിലയിൽ ഈ കൃതി രചിച്ചിരിക്കുകയാൽ ആശയപരമായ അത്യല്പസ്വാതന്ത്ര്യത്തിനുപോലും മുതിൎന്നിട്ടില്ലഎന്നും, വല്ല അസ്വരസഭാഗങ്ങളും മൂലഗ്രന്ഥത്തിൽനിന്നു വ്യതിചലിതങ്ങളായിക്കാണുന്നുണ്ടെങ്കിൽ അവ ക്ഷന്തവ്യമാകണം എന്നു് പ്രാൎത്ഥിക്കുന്നുഎന്നുംകൂടെ പ്രസ്താവിച്ചുകൊണ്ടു്, അതിപ്രാചീനമായ രാമചരിതത്തെ അതിനവീനമല്ലെങ്കിലും സാധാരണമലയാളത്തിൽ ബഹുമാന്യവായനക്കാരുടെ സമക്ഷം സമൎപ്പിച്ചുകൊള്ളട്ടെ.

തിരുവനന്തപുരം,
20—7—1124.

ഗ്രന്ഥകൎത്താ.

7 APR 1956

# മലയാളരാമചരിതം

## ഒന്നാം പടലം

ശ്രീരുദ്രൻ നവദന്തിയായ് കരിണിയാം
ശ്രീപാർവ്വതീദേവിയും
പാരം കൗതുകമാർന്നരണ്യഗതരായ്
മുന്നം രമിച്ചോരുനാൾ,
ചാരുശ്രീഗജരാജവക്ത്രമൊട്ടുമേ
ഭൂജാതനാമാദ്യനേ,
പേരുറേറാരു വിനായകാഖ്യവിമലാ-
ത്മാവേ, തൊഴുന്നേൻ വിഭോ! ൧

ഓരുന്നേൻ നവമാമൊരുദ്യമ; മിതി-
ന്നെൻ ചിത്തമാം താമര-
ത്താരിന്നുള്ളിലകംതെളിഞ്ഞു നിയതം
വാഴ്കെൻെറ വിഘ്നേശ്വര,
നേരൊ,ത്തുനമശേഷമറെറാരറിവെ-
ന്നുള്ളിൽ സദാ തോന്നുമാ-
റീരേഴാമുലകം നിറഞ്ഞ നിഗമ-
ജ്ഞാനാർത്ഥസർവ്വസ്വമേ! ൨

എന്നുള്ളിന്നറിവേകി നൽത്തെളിവുചേ-
ർത്തോമന്മൊഴിത്തയ്യലായ്
മിന്നുംദേവി, സരസ്വതീ, കടലില-
ക്കല്ലോലജാലങ്ങൾപോൽ,
നന്നായ്ത്തേൻപൊഴിയും പദാവലിമുറ-
യ്ക്കെൻ മാനസത്തിൽ സദാ
വന്നെത്തീടണ, മിക്ഷണം മുദാ,ലതി-
ന്നത്യാദരാൽ കൈതൊഴാം. ൩

ഊനംവിട്ടുപുകഴ്ന്ന 'രാമചരിതം'
തന്നംശമൊന്നൂഴിയിൽ
ജ്ഞാനം ചെററുകുറഞ്ഞവക്കറിവിനായ്
തെല്ലൊന്നു ചൊല്ലീടുവാൻ,
ഞാനിപ്പോൾ തുനിയുന്നിതേണനയനേ,
ത്വൽപ്പാദമിച്ഛാർഹമേ
നൂനം മാമകജിഹ്വാമേൽപ്പുതിയുമാ-
റാടീട്ട് നൃത്തം നവം. ൪

താരിൻചാർത്തിഴ, മത്തഴക്കുഴലണി-
ത്താർമങ്കതൻ കൊങ്കയെ-
ച്ചേരും താവളമായ് ഗണിച്ച ശയനം
കൊൾവോരു പത്മേക്ഷണ,
പാരം സൂക്ഷ്മമൊടേതുയോഗിവരരും
വേദങ്ങളിൽപ്പോലുമൊ-
ന്നാരാഞ്ഞാലുമറിഞ്ഞിടാൻ വിഷമമാം
ജ്ഞാനപ്പൊരുൾക്കാതലേ! ൫

തോരാമാരിയെ നേർത്തു വൻമല പിടി-
ച്ചായോരു മായാവിയാം
നീ, രാജന്യകുലത്തിലൊന്നവതരി-
ച്ചാ, രാക്ഷസാധീശനെ,
പോരാന്നേററു മുടിച്ച രീതി വഴിപോൽ
വാഴ്ത്തീടുവാൻ,കാവ്യസൽ-
സാരാംശങ്ങളെ ഭോഗിഭോഗശയനാ,
നീയൊന്നെനിക്കേകണേ! ൬

തൻപാതിത്തനു നാരിയാൾക്കരുളിടും
ശംഭോ, ഭവൽപാദതാ-
രൻപാന്നുള്ളിൽ നിനപ്പവക്കുജനിമാൽ
മാററുന്ന നീ സാമ്പ്രതം.

മുൻപാമേനിയിലജ്ജുനന്റെ കരവിൽ-
ക്കൈയ്യേററമേറവും വരം
സമ്പാദിപ്പതിനായവന്നു തുണയാം
ദൈതേയസംഹാരക! ൭

മുന്നം വിഷ്ണുനൃപാലനായവതരി-
ച്ചാ, രാക്ഷസാധീശനെ
ക്കൊ,ന്നുർവ്വീതലമാകെമീണ്ട കഥയി-
ന്നൊട്ടൊന്നുവാഴ്ത്തീടുവാൻ,
നന്നായുള്ള വരങ്ങളേകുവതിനീ
ഞാനൊന്നിരക്കുന്നിതാ,
വ,ന്നെന്നെക്കൃപയാൽത്തുണയ്ക്കുക മുറ-
യ്ക്കിപ്പോറം ജഗന്നായക! ൮

നീരു,ണ്ടാഭകലന്ന കൊണ്ടലുമുഴ-
ന്നോട്ടംവിധം ഭംഗിയിൽ
ചേരും വാർകുഴലാ,ന്നിളംമതിയഴൽ-
പ്പെട്ടീടുമന്നെററിയും,
പാരെങ്ങും ചുഴലെപ്പതിച്ചടിതൊഴും
ത്തുപ്പാദവും പൂണ്ടെഴ-
ന്നോ,രമ്മേ, പിഴയേതുമെത്തരുതക-
ക്കാമ്പിൽ ഗിരീന്ദ്രാത്മജേ! ൯

ആനത്തോലുടയാടയാക്കിന ശിവൻ
തൻ തീക്കനൽക്കണ്ണിനാൽ
ത്താനേചുട്ടുപൊടിച്ച മന്മഥനെ നീ
വീണ്ടും പുലത്തുന്നപോൽ,
ന്ദനംകാരുണിപൂണ്ട ഹൈമവതിയാം
ദേവീ, മനക്കാമ്പിൽവ-
ന്നൂനം തെല്ലണയാതെ വേണ്ടവരമി-
ദ്ദാസന്നു നൽ,കംബികേ! ൧൦

താരമ്പന്നുടെ താത,നായർമകനാം
മായാമയൻതൻെറ ന-
ന്മാറിങ്കൽക്കൂടികൊണ്ടു ലോകമഖിലം
സമ്പൂർണ്ണമായ് വ്യാപ്തയാം,
നീരിത്താർമകളേ, ധരാധിപതിയാ-
യൗദ്ധത്യമാൻറഗ്രനാ-
മാ, രാത്രിഞ്ചരഘോരനേഴുലകുമേ
കീഴ്മേൽ മറിച്ചീലയോ? ൧൧

ആ രാത്രിഞ്ചരകണ്ഠകാണ്ഡമല്ലവേ
പത്തും മുറിച്ചായൊരാ-
ശ്രീരാമൻ മനുജേശ്വരൻെറ ചരിതം
വാഴ്ത്തുന്നൊരെന്നിൽദ്രുതം,
വാരാളും തിരുമേനി, വേൽക്കിടയൊളി-
ക്കൺകോൺമുനത്തെല്ലിനാൽ
ധാരാളം മൊഴിതോന്നുവാൻ തെരുതെരെ-
ക്കാരുണ്യമേകേണമേ. ൧൨

വേരോടാസുരസംഹതിയ്ക്കുടരിലാ
വീര്യംപെടും ശക്രനും,
നേരേ വഹ്നി, കൃതാന്തനും, നിരൃതിയും,
വാരീശനും, വായുവും,
പേരാന്നോരു കുബേരനും, ഗിരിശനും,
നൽത്തൂനിലാത്തിങ്കളും,
പാരാളും രവി, സപ്തനാഥ,നമയും,
ഭൂദേവിയും, ബ്രഹ്മനും, ൧൩

വിണ്ണോരും മഹിഷാസുരോന്മഥിനിയായ്
ശ്രീകണ്ഠദേവൻെറ തൃ-
ക്കണ്ണിൽക്കൂത്തിട്ടു മഗ്നിയിൽപ്പുലരുവോ-
രാ, ഭൈരവീദേവിയും,

നന്നായ് ഷൺമുഖദേവനും മലർശരൻ-
താനും കനിഞ്ഞെൻറയീ-
സന്നാഹത്തെയനുഗ്രഹിച്ചു തുണചെ-
യ്യാകേണമേ! കൈതൊഴാം. ൧൪

ഉൾക്കാമ്പിന്നെളിമത്തമോ,ത്തഗതിയാ-
മെൻനേക്ക് വിദ്വജ്ജനം
മുക്കാലും തുണനൽകു;മെന്നൊട്ടുതരം
പോരുന്ന നിസ്സാരരോ,
ഒക്കാവ,ല്ലിവനാലിതെ,ന്ന നിനവിൽ-
ത്താനേയടങ്ങാ, മവർ
വക്കാണത്തിനു മെത്തുകില്ലിടയിടെ
ത്തെറെറത്ര പററീടിലും. ൧൫

നീലക്കല്ലൊളിവണ്ണമാന്ന ഭഗവാൻ
മർത്ത്യൻെറ വേഷം ധരി-
ച്ചാ, ലങ്കേശ്വരനോടു നേട്ടമടരിൻ
ഘോരത്വമെപ്പേരുമേ,
ചാലേ ഞാനിഹ മന്മതിയ്ക്കുചിതമാം
പോ,ലൊന്നു ചൊല്ലീടുവാ-
നാലംബത്തിനശേഷലോകരു മെനി-
യ്ക്കൊപ്പം ബലംനൽകണേ! ൧൬

ആ ദിവ്യർ, കവിമുഖ്യരിൽ പ്രഥിതരാം
വാല്മീകിയും വ്യാസനും
മോദി,ച്ചെൻ ധിഷണയ്ക്കു് പാടവമെഴാ-
നേറെത്തുണച്ചീടണം.
വേദജ്ഞൻ, മധുവുററനൽത്തമിഴ്മൊഴി-
പ്പാട്ടിന്നൊരാചാര്യനാം
ഖ്യാതിപ്പെട്ടൊരഗസ്ത്യമാമുനിയുമേ
നമ്മിൽത്തെളിഞ്ഞാകണേ! ൧൭

ക്ഷീരാംഭോധിയിൽ നിദ്രകൊൾവൊരുപരൻ
വിണ്ണോർ പുകഴ്ത്തീട്ടു പ-
ണ്ടാ, രാജോത്തമവംശജൻ ദശരഥൻ
തൻപുത്രനായോരുനാൾ,
ഓരോ, ബാല്യകുതൂഹലത്തൊഴിലിനംമേ-
ലാദിമാതാവിനെ
പ്പേരോ,ന്നങ്ങനെ വീണ്ടുകൊണ്ടകഥതാൻ
തെല്ലൊന്നു ചൊല്ലുന്നിതാ. ൧൮

അന്നാൾ പാൽക്കടൽമങ്കയെദ്ദശമുഖൻ
ക,ട്ടാടിമാസത്തിനും
മുന്നേ പോയൊളിവാന്ന ദേശമറിവാൻ
പാരിങ്കലെല്ലാടവും,
അന്വേഷിച്ചുടനെത്തുവാൻ കപിവരൻ
സുഗ്രീവനത്യുഗ്രനായ്
നി,ന്നാ വാനരജാതിയോടുചിതമാ-
മാജ്ഞാപനം ചെയ്തതും, ൧൯

നാനാ മർക്കടസേന നാലുദിശയും
കീഴ്മേലുമെങ്ങുംതിര-
ഞ്ഞാ,നാൾ ബുദ്ധിതെളിഞ്ഞ മാരുതി സര-
സ്വാനെക്കടന്നുള്ളതും,
മാനേലുംമിഴി മൈഥിലിയ്ക്കിരവി,ല
ദ്ദൂതോതുവാൻ വൻശ്രമം
താ,നേററുള്ളതുമായ വൻകഥയിലി-
ങ്ങേതാണ്ടിതാ, ചൊല്ലുവൻ. ൨൦

മാലൂററും വഴിതേറി മാരുതിയണ-
ഞ്ഞു,ന്നങ്ഗുലീയത്തെയാ
വേലിൻ നേർമുനയാന്ന കണ്ണിണയെഴും
വൈദേഹിതൻ കൈവശം,

മാലപ്പൂങ്കുഴലേററ നന്മണിയവൻ
വാങ്ങുന്ന മുൻപേകി,യ-
ക്കാലിൽത്താണു് വണങ്ങിനിന്നു വിടയും
വാങ്ങിത്തിരിച്ചീടിനാൻ. ൨൧

വീരശ്രീഹനുമാൻ മഹാബ്ധിതിരിയെ-
ച്ചാടിക്കട,ന്നിക്കരെ-
ച്ചേരുംകൂട്ടുകപിവ്രജം ചുഴലവേ,
തൻയാത്രയെപ്പേരുമേ,
ക്ഷീരംതോൽപ്പൊരു മാധുരീഭരിതമാം
വാക്കാൽ കഥിച്ചീടിനാൻ
പാരിൽനാഥനൊടുംപരം മിഥിലജാ-
വൃത്താന്തമോരോന്നുമേ. ൨൨

---

# ലഘുവ്യാഖ്യാനം

---

## ഒന്നാം പടലം

1. അതിപ്രാചീനമെന്നു ഗണിക്കപ്പെട്ടുപോരുന്ന ഈ കൃതിയിൽ കവി ആ കാലഘട്ടത്തിലെ രീതിയനുസരിച്ച് ഗണപതിവന്ദനം നിർവ്വഹിക്കുന്നു:—

ശ്രീഹരൻ=ശ്രീപരമേശ്വരൻ. കരിണി=പിടിയാന. കാനനഭുവിൽ=കാട്ടിൽ. നിയതം=എല്ലായ്പോഴും. അന്വർത്ഥം=അർത്ഥവത്ത്. ഗജരാജവക്ത്രം=ഗജമുഖം. ഭൂജാതൻ=പിറന്നവൻ. ധന്യശ്രീലവിനായകാഖ്യവിമലാത്മാവേ=ധന്യനും ശ്രീലനും വിനായകൻ എന്നു പേരുള്ളവനും ആയ പരിശുദ്ധാത്മാവേ.

2. ഓരുന്നേൻ=കരുതുന്നു. നവം=പുത്തൻ. ഉദ്യമം ഇതിന്ന്=ഈ ഉദ്യമത്തിന്ന് (കവിതാരചനഎന്ന ഉദ്യമത്തിന്ന്) ചിത്തമാംതാമരത്താരിൽ=ഹൃദയമാകുന്ന ചെന്താമരയിൽ. തൻമനതാർ=തന്റെ മാനസപുഷ്പം. നേരൊത്ത്=സത്യമായി. ഊനമശേഷംഅററ=സമ്പൂർണ്ണമായ. നിഗമജ്ഞാനാർത്ഥസർവ്വസ്വമേ=വേദത്തിലെ ജ്ഞാനാർത്ഥസർവ്വസ്വമായവനേ. (ഗണപതിയെക്കുറിച്ചുള്ള സംബോധന)

3. സരസ്വതീവന്ദനം:—

മൊഴിത്തയ്യൽ=വാണിമാത്. കല്ലോലജാലങ്ങൾ=തിരമാലക്കൂട്ടങ്ങൾ. ചിന്നി=ചിതറി. പദാവലി=പദസമൂഹം.

4. ഊനംവിട്ടുപുകഴ്ന്ന=സമ്പൂർണ്ണതയോടെ യശസ്സുററ. ഏണനയനേ=മൃഗീനേത്രേ. ഇച്ഛാർഹമേ=ഇച്ഛയനുസരിച്ച്. മാമകജിഹ്വമേൽ=എന്റെ നാവിൽ.

5. താരിൻചാത്ത്=പുഷ്പച്ചാർത്ത്. തഴക്കുഴലണി=തഴപോലുള്ള തലമുടിയോടുകൂടിയ. താർമങ്ക=ലക്ഷ്മീദേവി.

6. തോരാമാരിയെ=നിൽക്കാത്ത മഴയെ. മായാവിയാം നീ=മായാവിയായ വിഷ്ണു. രാജന്യകുലത്തിൽ=ക്ഷത്രിയവംശത്തിൽ. രാക്ഷസാധീശൻ=രാവണൻ. കാവ്യസൽസാരാംശങ്ങളെ=കാവ്യത്തിന്റെ സത്തായ സാരഭാഗങ്ങളെ. ഭോഗിഭോഗശയനാ=ശ്രീപത്മനാഭ (അനന്തനിൽ ശയിക്കുന്നവനേ.)

7. തൽപാതിതനു=തന്റെ പാതിശരീരം. നാരിയാൾ (ശ്രീപാർവ്വതീദേവി) ജനിമാൽ=ജന്മമെന്നദുഃഖം. കരവിൽക്കൈയ്യേററം=കൈവില്ലിന്റെ ആക്രമണം. ദൈതേയസംഹാരക=അസുരസംഹാരക.

8. നൃപാലൻ=രാജാവ്. രാക്ഷസാധീശൻ=രാവണൻ. വീണ്ടും=വീണ്ടെടുത്ത. ജഗന്നായക=ലോകനായക.

9. നീരുണ്ട്=ജലംവഹിച്ച്. ആഭകലന്ന=ശോഭയുള്ള. കൊണ്ടൽ=മേഘം. വാർകുഴൽ=തലമുടി; ഇളംമതി=ബാലചന്ദ്രൻ. അഴൽപ്പെട്ടീടും=സങ്കടപ്പെടുന്ന. പാരെങ്ങും=സകലലോകവും. ചുഴലെ=ചുററും. ഗിരീന്ദ്രാത്മജേ=പാർവതീദേവീ.

10. ആനത്തോൽ=ശിവന്റെ പ്രസിദ്ധമായ വസ്ത്രം. വീണ്ടും പുലത്തുന്നപോൽ=വീണ്ടും രക്ഷിക്കുന്നപോലെ. കാരുണി=കാരുണ്യം. ഹൈമവതിയാംദേവീ=ഹിമവൽപുത്രിയായദേവീ. ഊനം=കുറവ്.

11. താരമ്പന്റെ താതൻ=മന്മഥന്റെ പിതാവ്. ആയർമകൻ=ഗോപപുത്രൻ. നീരിത്താർമകൾ=ലക്ഷ്മീദേവി. ധരാധിപതിയായ്=ഭൂനാഥനായിട്ട്. ആ രാത്രിഞ്ചരഘോരൻ=രാവണനെന്ന ഘോരരാക്ഷസൻ.

12. ആ രാത്രിഞ്ചരകണ്ഠകാണ്ഡം=ആ രാക്ഷസന്റെ കഴുത്ത്. മനുജേശ്വരൻ=രാജാവ്. വേൽക്കിടയൊളികൺകോൺമുന=വേലിനോടുതുല്യം കൂർപ്പിച്ച കൺകോണിന്റെ മുന.

13. ആസുരസംഹതി=അസുരനാശം. അടരിൽ=യുദ്ധത്തിൽ. ശക്രൻ=ഇന്ദ്രൻ. വഹ്നി=അഗ്നി. കൃതാന്തൻ=കാലൻ. നിരൃതി (ഒരു ദേവത) വാരീശൻ=വരുണൻ. ഗിരിശൻ=ശിവൻ. തിങ്കൾ=ചന്ദ്രൻ. ഉമ=പാർവ്വതീദേവി. ഭൂദേവി=ഭൂമി. ബ്രഹ്മൻ=ബ്രഹ്മാവ്.

14. വിണ്ണോർ=ദേവന്മാർ. മഹിഷാസുരോന്മഥിനി=മഹിഷാസുരമർദ്ദിനി. ഭൈരവീദേവി=ശ്രീഭദ്രകാളി. ഷൺമുഖദേവൻ=സുബ്രഹ്മണ്യൻ. മലർശരൻ=മന്മഥൻ. സന്നാഹത്തെ=ഉദ്യമത്തെ.

15. ഉൾക്കാമ്പിന്നെളിമത്തം=ഉള്ളിന്റെ ലാഘവം. അഗതി=അശരണൻ. എന്നോടുതരംപോരുന്ന=എന്നോടു തുല്യരായ. ഒക്കാവല്ല=ശരിയാകുന്നതല്ല. വക്കാണത്തിന്ന്=എതിർപ്പിന്ന്.

16. നീലക്കല്ലൊളിവർണ്ണമാർന്ന=നീലരത്നനിറമുള്ള. അടർ=യുദ്ധം. മന്മതിക്ക്=എന്റെ ബുദ്ധിയ്ക്ക്. ആലംബത്തിന്ന്=ആശ്രയത്തിന്ന്.

17. പ്രഥിതർ=ശ്രേഷ്ഠർ. ധിഷണ=ബുദ്ധി. മധുവൂററ=തേനുള്ള. തമിഴ്മൊഴിപ്പാട്ടിന്ന്=ദ്രാവിഡഗാനത്തിന്ന്.

18. ക്ഷീരാംഭോധി=പാൽക്കടൽ. ആ രാജോത്തമവംശജൻ=ആ ഉത്തമരാജവംശത്തിൽ ജനിച്ചവൻ. ആദിമാതാവ്=പ്രകൃതത്തിൽ സീത.

19. പാൽക്കടൽമങ്ക=ലക്ഷ്മീദേവി (സീത)

20. ദിശ=ദിക്ക്. സരസ്വാൻ=സമുദ്രം.

21. മാല്യാറും=ദുഃഖകരമായ. തേറി=അറിഞ്ഞു. മാലപ്പൂങ്കുഴലോററ=സീതാകേശത്തിലുള്ള നന്മണി=സീമന്തരത്നം

22. കൂട്ടകപിവ്രജം=കൂട്ടകപികൾ. മാധുരീഭരിതം=മാധുര്യമുള്ളത്.

## രണ്ടാം പടലം

മൈഥിലീചരിതമാകെ മാരുതി
പറഞ്ഞുകേട്ടു് "ശരി;നന്നു്;നിൻ,
സാധിതങ്ങൾ" ഇതുമട്ടവന്നൊടഭി-
നന്ദനോക്തിയരുളീട്ടുടൻ,
ആധിയാന്നു് മധുവാണിതൻ നിനവി-
ലശ്രുവാൎത്തു് പതറീട്ടുമ-
മ്മേദിനീശനൊ,ടപേതകൈതവ-
മുരയ്ക്കയായ് കപികുലാധിപൻ. ൧

"ക്ഷോണിപേന്ദ്ര, നിജകാമിനീവിരഹ-
ചിന്തകൊണ്ടുപരി,യീവിധം
കേണിരുന്നു് കഴിയേണ്ടകാലമൊരു-
മട്ടുമിപ്പൊഴുതിലല്ലതാൻ,
വാണിടുന്നതു നിനയ്ക്കലങ്കയി, ലിരണ്ടു
പത്തുകരമാളുവോൻ!
കാണിപോലുമിഹശോകമേയരുതു്
കോപമേ വിഹിതമി, ക്ഷണം" ൨

"ആത്തകോപ, മവിടുന്നു നല്ലകതിർ-
വില്ലുമമ്പുമുടനേററു തെ-
ക്കാസ്ഥയിൽപ്പട നയിച്ചിടാൻ ചെറുതു്
മാനസത്തിലലിവേൽക്കണേ,
വാസ്തവം പറകിലേഴരണ്ടുലകു-
മിപ്പടയ്ക്കെതിരിനാകയി-
ല്ലാസ്ഥിതിയ്ക്കൊരുവ, നാരു മന്നിലിഹ
നേൎത്തുപ്പതിനണഞ്ഞിടാൻ?" ൩

"ഏവനങ്ങളെയൊട്ടു തുല്യനിന്നുലകി"ലെന്നു-
മൊക്കെയുമൊരോന്നു സു-
ഗ്രീവനങ്ങനെയുണർത്തവേ, നൃപതിവായു-
പുത്രനൊടു ചൊല്ലിനാൻ
"നീ,വധിക്ക പുകഴററലങ്കയുടെ നാഥ-
നുള്ള നില,വാഴ്ച,യ-
ല്ലാവതും,പുരിയതേററ വൻപടയൊ-രുക്ക-
വും വളരെസൂക്ഷ്മമായ്." ൮

ചൊല്ലി മാരുതിയും:-"അങ്ങു ലങ്ക ചുഴ-
ലെക്കിടങ്ങുകളനേകമാ;-
ണി,ല്ലവയ്ക്കളവു താഴ്ചയിൽ; പ്പരമവററ-
യോടിടകലർന്നു താൻ,
നല്ലവാൾ,നെടിയ കുന്തശ്ശൂലനിര,നൂററു
കൊല്ലി മുതലായഹോ,
കൊല്ലുവാനതകുമേറെയായുധഗണ-
ത്തിനാ,ലവ,ഭയങ്കരം" ൯

"ആ,ക്കിടങ്ങു പരമേഴമങ്ങു തരണത്തി-
നൊത്ത പല പാലമു-
ണ്ടൊക്കെ യാന്ത്രികമവയ്ക്കു; ശത്രുനിരയെത്തി-
യാൽ പതറിനിന്നുപോം.
കൈയ്ക്കരുത്തൊടു കിഴക്കുഗോപുരമണ-
ഞ്ഞു കാക്കുവതിനുണ്ടു താൻ
തക്കവീര രിളയൊന്നലയ്ക്കുവൊരുമട്ടി-
ലങ്ങു പതിനായിരം." ൧൦

"പോരിലെത്ര'പതിനായിര'ത്തൊടുമൊരു-
ത്തനേമതി,യിവണ്ണമാ-
വീരരുണ്ടു 'പതിനായിരം ദ്വിഗുണ'മങ്ങു
തെക്കു് അഥ വടക്കഹോ;

നേരിടാനതിലിരട്ടിയാണു; പടിഞ്ഞാറവ-
വാതലി,ലിംഹാബ്ധിയും
പാരമൊന്നടിയിളക്കവോ,രണിനിരപ്പു
മൂന്നുപതിനായിരം." ൭

"ളി,ക്കൊരോന്നിലുമെഴുന്നതിൽപ്പുകുതിസേന
മദ്ധ്യനഗരിസ്ഥിതം
മെയ്ക്കുരുത്തൊട്ടു,മിരട്ടിഗ്രദ്ധതലമൊത്തു
മന്ത്രിസഭ കാക്കുവാൻ,
അ,ക്കബേരന്ന് മയാഖ്യശില്പിവരനന്നു-
തീർത്ത മണിമന്ദിരം-
പുക്കു പംക്തിമുഖ,നാസ്ഥിതി,ക്കതിനെഴുന്ന
മേന്മ പറയാവതോ?" ൮

"അപ്പുരത്തിനകമെത്തി വന്നവരിലായ-
തിൻമഹിമയും പരം
കെല്പൊടങ്ങു നിവസിപ്പവർക്കുടയ മേന്മ-
യും പറവതാരു താൻ?
ഒപ്പുമേലുവൊരരക്കർതൻ തടിമിടുക്കു
ഞാ,നുപരിയോതിടാ-
മല്പമിപ്പൊഴുതിലാ മനസ്സിനിയഴല്പെ-
ട്ടും വിധമുണർത്തുവൻ." ൯

"വീരമൗലിവര, ദേവിയാളെയൊരുനോക്കു-
കാണുവതിനായെനി-
യ്ക്കാരുവാൻതുണ! യിവണ്ണ,മാ, നിനവിലുള്ള-
മൊന്നു പതറീടവേ,
പാര,മ,മ്മലർമണം വഹിച്ചു തരുരാജി-
യും തടവിവന്നൊരാ-
മാരുതൻ കനിവിലെത്തി, യിന്നായിടമെന്നെ-
നിക്കു വഴികാട്ടിനാൻ." ൧൦

“ആ വഴിക്ക നടകൊ,ണ്ടശോകവനികയ്ക്ക-
ക,ത്തിവനണഞ്ഞുതേ;
ദേവിയാ,ളൊരു പെരുംമരത്തിനുടെ ചോട്ടി,
ലപ്പൊടിയുമേററഹോ,
കാവലായ് വരിനിരന്ന രാക്ഷസികളേവ-
രും ചുഴലെയാവിധം
മേവി, തൂത്തലകുനിച്ചൊരാധിയൊടുള്ളരെ
വാഴ്വതു കണ്ടു ഞാൻ.” ൧൧

## രണ്ടാം പടലം

1. മൈഥിലീചരിതം=മൈഥിലിയുടെ (സീതാദേവിയുടെ) ചരിതം. മാരുതി=ഹനൂമാൻ. സാധിതങ്ങൾ=സാധിച്ചവ. അഭിനന്ദനോക്തി=അഭിനന്ദനവാക്യങ്ങൾ. മധുവാണി=സുന്ദരി (സീത) അശ്രു=കണ്ണീർ. മേദിനീശനോട്=രാജാവിനോട്; രാമനോട്. അപേതകൈതവം=കൈതവം വെടിഞ്ഞ് (ആത്മാർത്ഥതയോടെ) കപികുലാധിപൻ=കപിരാജാവ് (സുഗ്രീവൻ)

2. ക്ഷോണീപേന്ദ്ര=രാജാവേ. നിജകാമിനീവിരഹചിന്തകൊണ്ട്=സ്വന്തം കാമിനിയുടെ വിരഹംനിമിത്തമുള്ള ചിന്തയാൽ. ഉപരി=മേൽ. ഇപ്പൊഴതിൽ=ഇപ്പോൾ. ഇരണ്ടുപത്തുകരം=ഇരുപത്തുകൈയ്യ്. ഇരുപത്തുകൈയ്യുള്ള (രാവണൻ) വിഹിതം=ചെയ്യപ്പെടേണ്ടത്.

3. ആത്തകോപം=കോപത്തോടെ. കതിർവില്ല്=ശോഭയുള്ള വില്ല്. ആസ്ഥയിൽ=താല്പര്യത്തോടെ.

4. പുരിയതേററ=ആ ലങ്കാപുരി വഹിക്കുന്നു.

5. ചുഴലെ=ചുററും. ഇല്ലവയ്ക്കളവുതാഴ്ച്ചയിൽ=താഴ്ച്ചയിൽ അവയ്ക്കു അളവില്ല; താഴ്ച്ച വളരെ കൂടുതലാണ്.

6. അക്കിടങ്ങുപരമേഴും=ആ ഏഴുകിടങ്ങുകളും. തരണത്തിന്=കടക്കുവാൻ. യാന്ത്രികമുറയ്ക്ക്=യന്ത്രരീതിയിൽ. ഇളയൊന്നലയ്ക്കുവൊരുമട്ടിൽ. ഭൂമി ഒന്നലയ്ക്കുന്ന മട്ടിൽ.

7. ഏതുപതിനായിരത്തോടും=എത്ര പതിനായിരംപേർ വന്നാലും. ഒരുത്തനേമതി=എതിരിടാൻ ഒരാൾ മതി. ഇവണ്ണമാംവീരരുണ്ട്=ഇങ്ങനെയുള്ള വീരന്മാരുണ്ട്. പതിനായിരം ദ്വിഗുണം=ഇരുപതിനായിരം. തെക്ക്=തെക്കേഗോപുരത്തിൽ. അതിലിരട്ടി=നാല്പതിനായിരം. അബ്ധിയും പാരം ഒന്നടിയിളക്കുവോര്=സമുദ്രംകൂടെ അടിയിളക്കുന്നവർ. മൂന്നുപതിനായിരം=മുപ്പതിനായിരം.

8. മദ്ധ്യനഗരീസ്ഥിതം=നഗരീമദ്ധ്യത്ത് സ്ഥിതിചെയ്യുന്നത്. മെയ്ക്കുരുത്ത്=ശരീരശക്തി. ഗൂഢതലം=രഹസ്യസംഭാഷണശാല. മയാഖ്യശില്പിവരൻ=മയനെന്നുപേരായ ശില്പി. പംക്തിമുഖൻ=രാവണൻ.

9. അപ്പുരത്തിനകമെത്തിവന്നവരിൽ=ആ നഗരിയിൽ എത്തിയശേഷം വന്നുചേന്നവരിൽ. ആയതിൻമഹിമ=ആ പുരിയുടെ മാഹാത്മ്യം. ദർപ്പമേലും=അഹങ്കാരികളായ. അരക്കർ=രാക്ഷസന്മാർ. തടിമിടുക്ക്=ശരീരവൈഭവം. ഉപരി=മേൽ. ആ മനസ്വിനി (സീതാദേവി)

10. ഒരുനോക്ക്=ഒരു നോട്ടം. തരുരാജി=വൃക്ഷനിര.

11. അശോകവനിക—സീത ഇരിക്കുന്ന അശോകവനം.

# മൂന്നാം പടലം

"ഇരുന്നളവിരുട്ടുമാറിയിടത്തുന്ന് സൈന്യം തദാ
പരന്നു കുടചാമരാദികളു, മങ്ങു കാണായിതേ,
പരം ബഹുവധൂമൊഴിത്തികവിനാൽ പുകഴ്ത്തപ്പെട-
ക്കരുംമുകിലൊടൊത്ത രാവണനണഞ്ഞു മേളത്തൊടും. ൧

ഇതത്തൊടവൻ്നെത്തിയീക്ഷണമയപ്പതിൻമുമ്പു ഞാൻ
കുതിച്ചു; കുളിരാന്ന നൽത്തളിരിടയ്ക്കൊളിച്ചേൻ തന്നു,
പദത്തളിരിൽവീണു ദേവിയുടെ മുന്നി,ലുള്ളാടി, വൻ-
നുതിപ്രകര,മായവൻ പലതുമന്നു് ചൊല്ലീടിനാൻ. ൨

ചൊടിച്ചൊരു നിഷേധ,മന്നനടയാളതിന്നുത്തരം
കൊടുത്തു; കൊടുതായ കോപമൊടുമായവൻ തൽക്ഷണം,
അടുത്തു് "ശരി, നിൻ്റെയീയുടലുടൻ പിളന്നന്നിണം
കുടിച്ചിടരൊടുക്ക"മെന്നലറിയൊന്നു പാഞ്ഞെത്തിനാൻ. ൩

കരസ്ഥകരവാളമ,ത്തിരുവുടൽക്കപാരുന്ന മുൻ-
പൊ,രുത്തമനിശാചരപ്രമദ നേത്തു് കൈ മാററിനാൾ
വരാങ്ഗനക,ളമ്മലർപ്പുതുമ ചാർകുഴൽക്കേൽക്കവോ-
രുരച്ച ബഹുസാന്ത്വനത്തിലവനോ മറഞ്ഞാൻ ദ്രുതം. ൪

മറഞ്ഞു ദശകന്ധരൻ പെരിയശൂലഖഡ്ഗാദികം
കരത്തിലിയലുന്ന രാക്ഷസികളേററു കാവൽക്കമായ്
പറഞ്ഞിതവർ: "അന്നുനിൻഹരണനഷ്ടമേററുള്ളവൻ
മറന്നു, പതി രാമൻ ഇന്നുവരെയിങ്ങവൻ വന്നുവോ?" ൫

"ഒരിക്കലുമിണങ്ങുകില്ലയിനി നിങ്ങൾ ആ രാമനോ
ശരിയ്ക്കുയിരൊടെത്രനാളിനി വസിക്കുവാന്നുഴിമേൽ!
ധരിക്ക ജയലക്ഷ്മിചേൎന്നു നിജനാട്ടുവേണ്ടെന്നഹം-
കരിച്ചു ജളൻ ആസ്പദംപര,മതാണെതൽപത്തിനും!" ൬

"അരക്കരിവിട്ടുള്ളപേ,രിവരെയെന്തുകൊണ്ടാം വെടി-
ഞ്ഞിരിപ്പതഹഹ! നിൻവരൻ? പറകയായതോ ഭൂഷണം?
ഒരിക്കലറിയാമവന്റെ കഥയേതുമേ, കാലമൊ-
ന്നരയ്ക്കുമെത്തും; ഒന്നുകേൾക്ക ഹിതമിന്നു നീലേക്ഷണേ." ൭

"കനകയെയിഹ നിൻപ്രിയംവെടിക; രാമനിൽ പ്രേമമി-
ന്നിനക്കുചിതമിങ്ങു രാവണനിലെന്നുവന്നാകിലോ,
കനക്കുറവെതൊന്നതാൻ കമനി? ചാരുശയ്യാസ്ഥല-
ത്തണഞ്ഞിട്ടകിലാധിയാകവെയതോടെയററു ദൃഢം!" ൮

"കുലസ്ഥിതിയിലേറെ മേന്മയിവനില്ല;"യെന്നായകം-
കലങ്ങിട്ടുകവേണ്ടതാൻ ജനിയിലുത്തമൻ രാവണൻ
പുലസ്ത്യനുടെ പുത്രപുത്ര,നവനാസ്ഥിതിയ്ക്കൊത്തുമോ
നലത്തിനു് കുലത്തിനും കുറവൊരല്പമെന്നാകിലും? ൯

"പരസ്പരമിണങ്ങുകില്ലയിഹ നിങ്ങളെന്താകിലെ-
ന്തൊരല്പവുമവന്നുഹാനി? തപമാളുമീ നിന്നുടൽ,
നിരന്തരമഹോ, പിളർന്നു ശകലിച്ചു ചാട്ടുംനിണം
മുറയ്ക്കു പരുകും കുടിക്കുമിഹ ഞങ്ങളത്രേ, ഫലം" ൰

ഉടൻ മൊഴികഥിച്ചു ദേവി:—"യിഹശ്ശൂലകുന്താദിയെ-
ന്നുടൽക്കകമണച്ചു നിങ്ങൾ നിണമേതുമട്ടേൽക്കിലും,
കൊടുംനെടിയവില്ലെടുത്ത നൃപവീരവീരന്റെ കാൽ-
ത്തിടമ്പൊഴികെയൊന്നിലും മമ മനസ്സു നിൽക്കാ ദൃഢം!"

---

1. പുകഴ്ത്തപ്പെടെ=പ്രശംസിക്കപ്പെടുന്നരീതിയിൽ.

2. ഈക്ഷണം=നോട്ടം. സ്തുതിപ്രകരം=സ്തുതിസമൂഹം.

3. നിഷേധം=നിരസനരൂപത്തിൽ എതിർപ്പ്. ഇടർ=ദുഃഖം (കാമപീഡകൊണ്ടുള്ള ദുഃഖം)

4. കരസ്ഥകരവാളം=കൈയിലെവാൾ. നിശാചരപ്രമദ=രാക്ഷസസ്ത്രീ. നേർത്ത്=എതിർത്ത്. വരാങ്ഗനകൾ=സുന്ദരിമാർ.

5. ശൂലഖഡ്ഗാദികം=ശൂലം, ഖഡ്ഗം മുതലായത്. ഹരണനഷ്ടം=അപഹരണംകൊണ്ടുള്ള നഷ്ടം.

6. ശരിയ്ക്കുയിരെം.........ഊഴിമേൽ=ആ ശ്രീരാമൻ ഇനി എത്ര കാലമാണ് ജീവിക്കുന്നത്?

7. അരക്കരിവിടുള്ളപേരു് (ഇവിടെ+ഉള്ളപേർ) ഇവിടെയുള്ള രാക്ഷസന്മാർ. കാലമൊന്നരയ്ക്കുമെത്തും=ആ രാമൻെറ സകല രഹസ്യജീവിതവും ഒരുകാലത്ത് പരസ്യമാകും.

8. കനക്കുറവ്=പോരായ്മ. അറവു=നിശ്ശേഷം ഇല്ലാതാകും.

9. കുലസ്ഥിതി=കുടുംബനില. ജനി=ജനനം. പുലസ്ത്യൻടെ പുത്രപുത്രൻ=പുലസ്ത്യൻെറ പൗത്രൻ.

10. അവനെഹാനി=ആ രാവണനെ കേട്? (കുറവ്?)

11. കൊടുംനെടിയ...വീരൻെറ=കടുത്തതും ദീർഘവുമായ വില്ലു കുലച്ച വീരവീരനായ രാമൻെറ.

# നാലാം പടലം

"താതൻതള്ളി, ത്തനതുമഹിയും നഷ്ടമായ് കാട്ടു വീടായ്
ചേതപ്പെട്ടുള്ളൊരു നിജവരൻ വിട്ടുവേർപാടിനാലോ,
ചേതസ്സാകെപ്പൊരിവതിഹ നീ? ഗൃദ്ധമീ ലങ്കയെത്തി-
ട്ടാതിഥ്യം നിൻവിരസതയില്ലാ! നിൻപടുത്വം വിശേഷം!

"മറെറ-ന്തീന്നിന്നുടലുടനിതാ, വെട്ടിവേറാക്കി രക്തം
പറെറക്കോരിക്കുടിയൊട്ടു കളിച്ചീടുമീ ഞങ്ങ"ളെന്നായ്,
തെറെറന്നേററാർ നിശിചരികൾ ഹാ തൻകിനാവോതി-
നേത്താ-
ളൊററയ്ക്കന്നാൾത്രിജട — യവരോപിൻതിരിഞ്ഞൊരുറങ്ങാൻ

രക്ഷസ്സ്ത്രീകൾ സപദി സകലം നിദ്രയായെന്നറിഞ്ഞാ-
വൃക്ഷക്കൊമ്പൊന്നരികിലണയെക്ക, ണ്ടതിന്മേൽക്കരേറി
വീക്ഷിച്ചേൻ ഞാൻ സുകൃതിനി കരഞ്ഞാധിയിൽ-
തൽക്ഷണം ഹാ!
സൂക്ഷിച്ചെത്തി "ക്കൈനമെത്തുമേതീന്ന്"വെന്നായ്നമിച്ചേൻ

ആരിക്കാണ്മോ,നിതൊരുകപിയോ?ദൈത്യമായാവിയോയെ-
ന്നോരാ, ച്ചെ ന്നോനഖിലമവിടുന്നേൽക്കുമീ ദുഃഖവായ്പും,
നേരിൽപ്പിന്നെത്തിരുകരഗതം മോതിരം കാഴ്ചവെച്ചേൻ
സൈപരംചൂഡാമണിയുമടിയൻ കൈയിലേറേറൻ,തിരി-
(ച്ചേൻ. ർ

ഇങ്ങെത്തിഞാനഖിലവിധവും ചൊല്ലിനേ,നിപ്പൊഴാട്ടേ,
ഭംഗംവേണ്ടാ, തിരുവടികനിഞ്ഞൊന്നുകല്പിച്ചുവെന്നാൽ,
തിങ്ങും രാത്രിഞ്ചരരെവരെയും ലങ്കയും ഭസ്മമാക്കി-
ട്ടങ്ങേത്തൃക്കാലിണപണിയുവാനെത്തുമല്ലോക്ഷണാൽഞാൻ

അല്ലെന്നാ,ലിക്കപിനിവഹവുംചേർന്നുപോകാം തടസ്സം-
തെല്ലി,ല്ലെത്താ,മവിടെയെളുതിൽച്ചെററുമേവൈകിടേണ്ട

പൊല്ലാത്തോരന്നിശിചരിഗണം ചൂഴെ ജീവൻപുലത്താ-
നെല്ലാമട്ടും തുണ പുറകിലുണ്ടെന്നു കാട്ടേണ്ടയോ നാം? ൯

ചൊന്നാൻരാമൻ "ശരി,യനിലജാ,നിന്നൊടൊപ്പംകഥിപ്പാ-
നിന്നാർമററു"ണ്ടിതുവിധം മുര,ച്ചങ്ങു സുഗ്രീവനേയും,
നന്നായ് ചാരെത്തെളിവൊടുവിളി'ച്ചെന്തുമേൽചെയ്യണംനാ
മെ,ന്നാലോചിച്ചതുപറയുവാ'നാജ്ഞചെയ്താനുടൻ താൻ.

നീലൻനിന്നാനരികി,ലവനോടോതി ഭൂപൻ "വനത്തിൽ
ചാലെപ്പോയ് നീയവിടവിടെയായ് പക്വമൂലാദിയേതും,
മാലാററുംനൽജ്ജലവുമളവേ വാനരന്മാക്ക് നൽകാ-
നീലാക്കിൽത്താൻവഴിയിലൊരൊരോ താവളംകൂട്ടിടേണം"

ചൊന്നാൻ വേണ്ടുന്നവ നൃപവരൻ ലക്ഷ്മണൻതന്നൊടെന്ന-
ല്ലന്നാരം ഭക്തിയ്ക്കുതുലനിധിയാം വാനരാധീശനോടും,
എന്ന,ല്ലോരോകപിവരരൊടും ചർച്ചചെയ്താൻ മുറയ്ക്കു-
ക്കന്നിമ്മേലേ വിജയമരുളിസ്സൂര്യനും വന്നുചേർന്നാൻ. ൧൦

വന്ദിച്ചപ്പോൾ പവനതനയൻ രാമനെത്തോളിലേററാൻ
തന്നംസം തൽസഹജനുടനേ ബാലിപുത്രൻ നമിച്ചാൻ
അ,ന്നിക്കാഴ്ചയ്ക്കധികമകമേ, മോദമാർന്നാകെ വിണ്ണോർ
മന്നിൽപ്പൊൽപ്പൂനിരതെരുതെരെച്ചേർത്തുവർഷിച്ചുനിന്നാർ.

തേനോലുംനൽക്കുസുമനിരതൻവർഷമൊ,ത്തോടിഭൂവിൽ-
ത്താനേചാടിക്കുതിയൊടുടനേ വാനിൽമുട്ടുംപ്രകാരം,
ആ,നേരാളും പഴയമുനിമാർചൊന്നപുൽപ്പാതയൂടേ
നാനാഘോഷത്തൊടു കപികുലം സിന്ധുവിൻനേർക്കു പാ-
(ഞ്ഞാർ. ൧൧

പൊങ്ങിച്ചാലേ തഴയൊടുസമം കാന്തിയിൽപ്പൂത്തുകൂടി-
ത്തങ്ങും വൃക്ഷങ്ങളൊടു യതിമാർ ചേർന്നശൈലങ്ങൾതാണ്ടി,
തിങ്ങിപ്പാഞ്ഞങ്ങലറിയളവേ വാനരന്മാർ തിമിർത്താ-
ര,ങ്ങു,ശ്രീരാമനു് വളരെമുമ്പെത്തിനാർ സിന്ധുതീരം. ൧൨

വീരൻ രാമൻ ജലധിയണവോൻ പഞ്ചബാണൻെറയമ്പേ-
ററാരമ്യംവട്ടണിമുലയെഴും മൈഥിലീമേനിയുന്നി,
പാരം ചിന്താപരവശനഹോ, വീണ്ടുമേ ദുഃഖമാന്ന-
ന്നേരം മണ്ണിൽപ്പടനടുവിലായ്‌വീണുപോയാൻ,വിഷണ്ണൻ

കീത്തിയ്ക്കേകാകര, മുടനെയാ ലക്ഷ്മണൻ ജ്യേഷ്ഠനേൽപ്പോ-
രാത്തിപ്പാടൊന്നകലുവതിനായന്യകാര്യങ്ങളേറെ,
വാഴ്ത്തിച്ചൊന്നാൻമതിതെളിയവേ ഭൂപനേററാൻ; പതങ്ഗൻ
വാദ്ധിയ്ക്കുള്ളിൽ; സപദിനൃപനും സാന്ധ്യകൃത്യംവഹിച്ചാൻ.

അന്നാളല്ലോ, തെളിവൊടമരർ, ദൈത്യരെന്നല്ലനേകം
മന്നാളും വൻനൃപവരരൊട്ടും യുദ്ധമേററുദ്ധതാത്മാ,
ഒന്നായ്‌തുല്യം ജയമെവിടെയും നേടി വൻപ്രാഭവംകൈ-
വന്നാലങ്കാനഗരിയിലഹോ, രാവണൻ വാണുമോദാൽ. ൧൪

രാമൻ,ഭ്രാതാവുരുകപിചമൂസംഘമിക്കൂട്ടൊടന്നാ൦
കേമംവന്നുത്തരജലധിതൻതീരമെത്തുന്നുവെന്നായ്‌,
ആ,മന്നാളും നിശിചരവരൻ കേട്ടു് ലങ്കാധിനാഥൻ
ധീ മങ്ങിത്തൻമനമഴികെയമ്മന്ത്രിമാരോടടുത്താൻ. ൧൫

ഉൾപ്പൂവാടിസ്സചിവരൊടവൻ ചോദ്യമായ്
"നിങ്ങൾ ചൊൽവിൻ
പൊൽപ്പൂമാതാം മിഥിലജയെ ഞാൻ തിര്യെ-
നൽകാതിരിപ്പാൻ,
ഇല്ലേ്പാ,ളെന്താമൊരുവഴി? മുറയ്ക്കെത്തി-
നാമേററിടേണോ?
പിൽപ്പാടീരാത്രിയിലൊളിവിലക്കൂട്ട-
രെക്കൊന്നിടേണോ?" ൧൬

"മോശം, മോശം! വിപിനജരഹോ വാനരന്മാ,രവർ വ-
ന്നേശുന്നാകിൽബ്ബ്രഹ്മകുറവുതാനെത്തിയെ,ന്നോമ്മവേണം
ആശിക്കംപോരഖിലരു,മതേ, ചേൻചിന്തിച്ചുറച്ചേ
വ[illegible]ിക്കോതാൻ; നിലപഴതിലായെന്നുവന്നാലബദ്ധം" ൧൭

ചൊന്നാർ ലങ്കാപതിയൊടുടനേ മന്ത്രിമാർ, "തമ്പുരാനോ
വെന്നോൻ വിണ്ണോർപ്പുരിഷയെ,യതേ വജ്രിയെക്കെട്ടി-
(യിട്ടോൻ,
എന്നാ,ല്ലാ വൻധനദവിജയംപൂണ്ടുപോയ് പുഷ്പകത്തെ-
ച്ചെന്നേറേറാൻതവൽത്തനയനവിടേയ്ക്കിന്ദ്രജിദ്‌വീരനല്ലോ"

"നമ്മോടേറേറാനെതുസ്വപചവരൻ ജീവനുംകൊണ്ടുപോയേ-
നിമ്മന്നിങ്കൽ ശിവശിവ! ഭയം രാമനോടെന്നുമായോ?
വൻമാലേററന്നടലിലഭയം തേടിയൈരാവതേശൻ!"
സന്മാന്യത്വം തടവിയവരോ വീണ്ടുമിമ്മട്ടുരച്ചാർ:— ൨൦

"പോരിന്നിങ്ങോട്ടണകിലമരർ സർവ്വവും തോറെറാളിച്ചു,
ക്രൂരാലങ്ങേയ്ക്കൊരുവധു, മയൻനൽകി ബന്ധംപുലത്താൻ
ചീറുംസപ്ലേന്ദ്രരുമതിഭയംപൂണ്ടു രക്ഷയ്ക്കിരപ്പൂ
വേറെ,ന്താരാകിലുമടരിലക്കൂട്ടർ മണ്ടുന്നതില്ലേ?" ൨൧

"കാരുണ്യത്തിൽശിവനരുളുമച്ചാരു കൈലാസശൈലം
പാരംപൊക്കാൻ പുരുഭുജബലം പേറുമങ്ങേയ്ക്കുനേരേ
പോരിന്നെത്താൻ മതിശകലവുംവിട്ടോ, രാ രാഘവൻപോ-
ന്നോരുന്നുപോൽ! ഇതുസകലമൊന്നോക്കിലാഹാ,-
(വിചിത്രം!" ൨൨

---

## നാലാംപടലം

1. താതൻ=(ദശരഥൻ) തള്ളി=ഉപേക്ഷിച്ചു്. തനതുമഹി=സ്വന്ത രാജ്യം. കാട്ടുവീടായ്=വനംതന്നെ വാസഗേഹമായി. ചേതപ്പെട്ട=നഷ്ടപ്പെട്ട. ഇഹനീഗൂഢമീലങ്കയെത്തീട്ട്=നീ ഇവിടെരഹസ്യമായി ലങ്കയിൽ വന്നിട്ട് (സീത ഗൂഢമായി വന്നതാണെന്നും അവിടെ അപഹരിക്കപ്പെട്ട് എത്തിയതല്ലെന്നും രാക്ഷസികൾ പറയുന്നു.) ആതിഥ്യം=അവിടെ നടത്തപ്പെട്ട അതിഥിസൽക്കാരം. നിൻവിരസതയിലും=നിന്റെ അനാസ്വാദ്യതയിലും. പടുത്വം=സാമർത്ഥ്യം.

2. മറ്റെന്തു്=മറ്റെന്തുപറയാനാണ്. തൻകിനാവു്=ത്രിജടകണ്ട വംശവിച്ഛേദകരമായ സ്വപ്നം.

3. രക്ഷസ്ത്രീകൾ=രാക്ഷസിമാർ. സുകൃതിനി=സുകൃതിനിയായ സീത. കദനം=വ്യസനം.

4. ആരിക്കാണേമാൻ—(സീതയുടെവിചാരം) ദൈത്യമായാവിയോ=അസുരനായ മായാവിയാണോ? തിരുകരഗതം=അവിടത്തെ കൈയിലുള്ളതു്. ചൂഡാമണി(സീതയുടെ സീമന്തരത്നം.)

5. ഭംഗംവേണ്ടാ=കുറവുവേണ്ട. അങ്ങേത്തൃക്കാലിണ=അവിടത്തെ പാദങ്ങൾ.

6. അല്ലെന്നാൽ=അല്ലാത്തപക്ഷം. കപിനിവഹം=വാനരസമൂഹം. നിശിചരിഗണം=രാക്ഷസീസമൂഹം ചുഴെ=ചുററവേ. ജീവൻപാലത്താൻ=സീത സ്വന്തംജീവൻസൂക്ഷിക്കുവാൻ. എല്ലാമട്ടും തുണപുറകില്ലുണ്ട്=രക്ഷനേടിക്കൊടുക്കാൻ ആൾ പുറകേയുണ്ട് എന്ന്.

7. അനിലജാ=അല്ലയോ മാരുതപുത്രാ. നിന്നൊടൊപ്പംകഥിപ്പാൻ=നിന്നോടുതുല്യമായിപ്പറയുവാൻ.

8. നീലൻ=ഒരു വാനരപ്രധാനി. ഫലമൂലാദി=പഴം കിഴങ്ങ് മുതലായവ. മാലാററം=ദുഃഖംതീക്കുന്നു.

9. ഭക്തിയുക്തലനിധിയാം=ഭക്തനായ. വാനരാധീശൻ=സുഗ്രീവൻ. ചർച്ചചെയ്താൻ=നല്ലപോലെ ചിന്തിച്ചു. കുന്നിന്മേലേസ്സൂര്യൻ=സൂര്യോദയമായി.

10 പവനതനയൻ=കാററിൻമകനായ ഹനുമാൻ. രാമനെത്തോളിലേററാൻ=രാമനെ തോളിൽ എടുത്തു. തന്നാംസം=തന്റെ തോൾ. തൽസഹജന്=അദ്ദേഹത്തിന്റെ സഹോദരന്, (ലക്ഷ്മണന്) ബാലിപുത്രൻ=അംഗദൻ. ഇക്കാഴ്ചയ്ക്കുമോദമാന്=ഈ കാഴ്ചയിൽ സന്തോഷിച്ചു്

11. കുസുമനിര=ദേവന്മാർ വർഷിച്ച പുഷ്പനിര. വർഷം=പൊഴിപ്പ് വാനിൽമുട്ടുംപ്രകാരം=ആകാശത്തു മുട്ടുന്നവിധത്തിൽ. പുൽപ്പാത=[illegible]സങ്കുലമായ വഴി. കപികുലം=വാനരന്മാർ.

12. പൊങ്ങി—മരങ്ങൾ, തഴയൊട്ടുസമം=തഴയ്ക്കുതുല്യം. കാന്തിയിൽ പൂത്തുകൂടി=ശോഭയോടെ പൂത്ത്. തങ്ങും=തങ്ങുന്ന. വൃക്ഷങ്ങളോടു=മരങ്ങളോടു. യതിമാർ=മഹർഷിമാർ ശൈലങ്ങൾ=പർവ്വതങ്ങൾ. (പർവ്വതങ്ങളിലെ വൃക്ഷങ്ങളുടെ ചുവട്ടിൽ താപസന്മാർ ഇരിക്കുന്നു എന്നു സങ്കല്പം) തിങ്ങിപ്പാഞ്ഞു്=ഞെരുങ്ങിയോടി.

13. പഞ്ചബാണൻറയമ്പേററു്=മന്മഥശരങ്ങളേററു്. ആരമ്യം വട്ടണിമുലയെഴും=മനോഹരകളേബരയായ. മൈഥിലീമേനി=സീതാശരീരം. ഉന്നി=ലക്ഷ്യമാക്കി. പാരം ചിന്താപരവശൻ=വളരെ ചിന്തയ്ക്കധീനൻ. വീണുപോയാൻ=രാമൻ മോഹാലസ്യപ്പെട്ടുവീണു.

14. കീർത്തിയ്ക്കു് ഏകാകരം=കീർത്തിക്കു് നിധിയായ (ലക്ഷ്മണൻ) ജ്യേഷ്ഠനോട്ചോതു്=തന്റെ ജ്യേഷ്ഠൻഏററ. അന്യകാര്യങ്ങൾ=മററുള്ളകാര്യങ്ങൾ. വാഴ്ത്തിച്ചൊന്നാൻ=വർണ്ണിച്ചുപറഞ്ഞു. ഭൂപൻഏററാൻ=രാജാവു് എഴുന്നേററു. പതങ്ഗൻ=സൂര്യൻ. വാർദ്ധി=സമുദ്രം. സപദി=പെട്ടെന്നു്. സാന്ധ്യകൃത്യം=സന്ധ്യാവന്ദനാദി.

15. അന്നാളല്ലോ=അക്കാലത്താണല്ലോ. അമരർ=ദേവന്മാർ. ദൈത്യർ=അസുരന്മാർ. ഉദ്ധതാത്മാ=അഹങ്കാരിയായവൻ. പ്രാഭവം കൈവന്ന=വലിയ പ്രതാപശാലിയായ.

16 രാമൻ=ശ്രീരാമൻ. ഭ്രാതാവു്, ഉരുകപി.ചമൂസംഘം=സ്വന്തസഹോദരനും വാനരപ്പട, ഇക്കൂട്ടൊട്ടു്=ഇവരുടെകൂട്ടിൽ. ഉത്തരജലധി=വടക്കേസമുദ്രം. ആ മന്നാളും=ആ ഭൂവിന്നധീശനായ ലങ്കാധിനാഥൻ നിശിചരവരൻ=ലങ്കാധിപനായ രാവണൻ.

17. പൊൽപ്പൂമാതു്=ലക്ഷ്മീദേവി. മിഥിലജ=മൈഥിലി. മുറയ്ക്കൊത്തിനാമേററിടേണോ=നാം ഇപ്പോൾ എത്തി അവരെ എതിർക്കണമോ? പില്പാട്ടു്=പിന്നെ.

18. വിപിനജർ=കാട്ടിലുള്ളവർ. അവർ വന്നേത്തുന്നാകിൽ=അവർ വന്നു എതിർക്കുന്നപക്ഷം. ബഹുകുറവുതാനെത്തി=വളരെ പോരായ്മ തന്നെ വന്നുചേർന്നു. നിലപഴുതിലായി എന്നുവന്നാൽ=നമ്മുടെ നില പാഴായി എന്നുവന്നുചേരുന്നപക്ഷം.

19. വെന്നോൻ=ജയിച്ചവൻ. വിണ്ണോർപ്പരിഷയെ=ദേവന്മാരെ. വജ്രിയെ=ദേവേന്ദ്രനെ. കെട്ടിയിട്ടോൻ=ബന്ധിച്ചവൻ. ധനദവിജയം=കുബേരവിജയം. പുഷ്പകത്തെ=പുഷ്പകവിമാനത്തെ.

20. ഐരാവതേശൻ=നാൽക്കൊമ്പനാനയ്ക്കു നാഥൻ, ഇന്ദ്രൻ.

21. അമരർ=ദേവന്മാർ. ഒരുവധു=(മണ്ഡോദരി) ബന്ധംപുലത്താൻ=ബന്ധുത്വം സ്ഥാപിക്കാൻ.

22. കാരുണ്യത്തിൽ ശിവനരുളും=ശിവൻ വാണരുളുന്ന. പുരുഭുജബലം=വലിയ കൈയ്യൂക്കു്, പേറും=വഹിക്കുന്ന. പോന്നോരുന്നു=പോന്നു ചിന്തിക്കുന്നു.

# അഞ്ചാം പടലം

പറഞ്ഞിതത്തലാററുവാനുടൻ 'പ്രഹസ്ത'വീര— "ന-
ങ്ങുറപ്പൊടാജ്ഞനൽകിലോ, രിപുവ്രജത്തെ ഞാനുടൻ,
മുറയ്ക്കുകൊന്നുവന്നിടാമിതേനയംവെടിഞ്ഞു നാം-
തിറത്തിലെത്തി വായുജൻ ചതിച്ചുനമ്മെയോക്കണം." ൧

കടുത്തകോപമാൻചൊന്നു ദുർമ്മുഖൻ:—"കുരങ്ങരി-
ങ്ങടു,ത്തഹേതുകം രണ്ടംതുടങ്ങി, ഞാനവററയെ,
തടുത്തു രാമനേയുമാഹന്തമനേയുമേ വധി-
ച്ചുടൻ പ്രശസ്തലങ്കപൂകുമില്ല കില്ലശേഷവും." ൨

കടന്നു വൻപ്രതാപശാലി വജ്രദംഷ്ട്രനോതിനാൻ:—
"കടന്നുപോയിട്ടുന്നിതേ പിഴച്ച വാനരസ്തുതി!
ഉടൻ വിഭോ, പുരുപ്രതാപശീല,രന്നരേന്ദ്രരെ-
ത്തടഞ്ഞുകൊന്നൊടുക്കിടാതടങ്ങുകില്ലതന്നെ ഞാൻ" ൩

"മറച്ചു ദംഷ്ട്രയാകെ നാം മനുഷ്യരെന്ന നാട്യമായ്
മുറയ്ക്കുചെന്നു കൈകയീസുതന്റെ സൈന്യമെന്നുതാൻ
പറഞ്ഞടുത്തുപാററണം; വരുന്നുവീണ്ടുമേറെയ-
ത്തിറംപെടുന്നസേനയെന്നുമോതിയൊന്നടുക്കണം" ൪

"തരംവരുന്നതെപ്പൊഴെന്നു നോക്കിയങ്ങുമിങ്ങുമാ-
യിരുന്നു തക്കമെത്തിയാൽ ശരിക്ക പാഞ്ഞുകൂടണം,
അരിഞ്ഞരിഞ്ഞരാതിയെത്തകക്കണം പ്രതാപവാ-
നി,രാമ,നെന്ത,ജയ്യനെങ്കിലി,ന്നി,തൊന്നു,താൻ വഴി" ൫

"അതല്ല, രാമലക്ഷ്മണർ കപീന്ദ്രരും മരുത്തുവ-
ന്നെതിക്കിലും രസംവരില്ല, മണ്ടിയോടുമേ,യവർ
അതിന്നിടംകൊടുത്തിടാതെ ഞാ,നവററയെ ക്ഷണാൽ
വധിച്ചുപോരുമിപ്പൊഴെ"ന്നു ചൊല്ലിനാൻ നികുംഭനും ൬

ഉടൻകഥിച്ചു വജ്രദന്തനെന്നവീരനൊന്നു വാ-
തുടച്ചു നാവുകൊണ്ടവൻ കനത്തവാക്കിലിങ്ങനെ:—
"അടല്ക്കു ഞാനടുക്കിലെൻെറ കൈയ്ക്കകത്തകപ്പെടും
ദൃഢം പടജ്ജനങ്ങളൊത്തു രാമലക്ഷ്മണാദികൾ. ൭

പറഞ്ഞുതേ വിഭീഷണൻ:—"മികച്ചസേനയും നയി-
ച്ചുറഞ്ഞുവന്നു രാമനിങ്ങു ശത്രുസംഹതിക്കുതാൻ.
കുറഞ്ഞപേക്ഷവെന്നൊടേൽക്കയാകുമോ? രണത്തിലാ-
രറിഞ്ഞിടാതെയായവൻെറ ശത്രുപക്ഷനാശനം!" ൮

വൃഥാവിലാക്കു വീരവാദമാകയില്ല ഭീരുതാ-
പ്രധാനികൾക്കു? വില്ലിൽനിന്നുമസ്ത്രരാശിപായവേ,
അതാർതടുക്കു,മല്ലയോ ഭുജാബലാഢ്യ ലങ്കത-
ന്നധീശ, രാമവൈരമേയകാരണം; നിരർത്ഥകം" ൯

"കുഴപ്പമേതുമെത്തിടാതെ വീടു, പൊൻകുലം, സദാ
വഴക്കമൊന്ന ബന്ധുവർഗ്ഗ, മേറെനല്ല സൈന്യവും,
അഴൽക്കശേഷമായിടാതിരിക്കുവാൻ തുണയ്ക്കുമാ-
വഴിക്കു രാമനേ,കുകിന്നു സീതയെജ്ജവാൽ ഭവാൻ" ൧൦

"കൊടുക്ക സീതയാളെ,യത്തടിൽപ്രഭാംഗിഹേതുവാ-
യടൽക്കുമുമ്പു രാമനെ"ന്നുചൊന്നഹോ വിഭീഷണൻ,
തടുക്കെ, "നന്മനിന്നൊടാർതിരഞ്ഞു പണ്ഡിതാധമാ,
നടക്ക"യെന്നു കോപമാന്നരച്ചുകന്നു രാവണൻ ൧൧

1. അങ്ങുറപ്പെട്ടാജ്ഞ നൽകിലോ=അങ്ങ് (രാവണൻ) ബലമായി കല്പന പുറപ്പെടുവിക്കുന്നപക്ഷം. രിപുവ്രജത്തെ=ശത്രുസംഘത്തെ. ഇതേനയം=ഈ രീതി. വായുജൻ=ഹനൂമാൻ.

2. ദുർമ്മുഖൻ=ദുർമ്മുഖൻ എന്നു പേരായ മന്ത്രി. അഹേതുകംരണം=കാരണമില്ലാത്ത യുദ്ധം. പ്രശസ്തലങ്കാപൂകം=പ്രശസ്തമായ ലങ്കാനഗരിയെ പ്രാപിക്കും. കില്ല്=സംശയം.

3. പ്രതാപശാലി=പ്രതാപവാൻ. വജ്റദംഷ്ട്രൻ=ആ പേരുള്ള രാക്ഷസൻ. പിഴച്ച വാനരസ്തുതി=പിഴച്ചവാനരത്തെപ്പററിയുള്ള സ്തുതി, അവൻ അർഹിക്കാത്ത പെരുമ അവനു കല്പിക്കുന്നതു്. പുരുപ്രതാപശീലർ=വലിയ പ്രതാപശീലത്തോടുകൂടിയവർ. ആ നരേന്ദ്രരെ=ശ്രീരാമലക്ഷ്മണന്മാരേയും സുഗ്രീവനേയും

4. ദംഷ്ട്ര=വീരപ്പല്ല്. കൈകയീസുതൻെറ=കൈകേയീപുത്രൻെറ (ഭരതൻെറ)

5. അരാതിയെ=ശത്രുവിനെ. പ്രതാപവാൻ ഇരാമൻ=പ്രതാപശാലിയായ ശ്രീരാമൻ. അജയ്യനെങ്കിൽ=ജയിക്കപ്പെടുവാൻ പാടില്ലാത്തവനെങ്കിൽ, ഇന്നു് ഇതൊന്നുതാൻവഴി.

6. രസംവരില്ല=നമുക്കു് ഒരു രസം തോന്നുകയില്ല. മണ്ടിയോടുമേയവർ=അവർ തോറോടും. ഇടം=അവകാശം, സന്ദർഭം. നികുംഭൻ=മറെറാരു രാക്ഷസൻ.

7. വജ്റദന്തൻ=മറെറാരുരാക്ഷസവീരൻ. വാത്തുടച്ചുനാവുകൊണ്ടു്=മാംസഭക്ഷണത്തിനുള്ള ആഗ്രഹം കാട്ടുവാൻ. അടൽക്കു്=യുദ്ധത്തിനു്. പടജ്ജനങ്ങൾ=ഭടന്മാർ.

8. ശത്രുസംഹതിക്കു്=ശത്രുസംഹാരത്തിനു്. കുറഞ്ഞപേക്കു്=മോശക്കാർക്കു്. ശത്രുപക്ഷനാശനം=ശത്രുപക്ഷത്തിനെത്തുന്ന നാശം.

9. വൃഥാവിൽ=വെറുതേ. ഭീരുതാപ്രധാനികൾക്കു്=ഭീരുക്കൾക്കു്. അസ്ത്രരാശി=അസ്ത്രസമൂഹം. ഭുജാബലാഢ്യ=ബാഹുബലംകൊണ്ടു് ശ്രേഷ്ഠനായവനേ! (രാവണസംബോധന) ലങ്കതന്നധീശ=ലങ്കേശ്വര.

10. വീടു് പെൺകുലം=സ്വന്തഭവനവും സ്വന്തസ്ത്രീകളും. അഴൽക്കശേഷമായിടാതിരിക്കുവാൻ=തീരെ ദുഃഖിക്കാതിരിക്കുന്നതിനു്.

11. തടിൽപ്രഭാംഗി=മിന്നൽപോലെ ശോഭിക്കുന്ന ശരീരത്തോടുകൂടിയവൾ. ഉരച്ചുകന്നരാവണൻ=പറഞ്ഞു രാവണൻ പോയി.

## ആറാം പടലം

പോയ്മറഞ്ഞു ദശാനനൻ പര-
മന്നുകണ്ടകിനാവിനാ-
ലാത്മനാശമടുത്തിടും വിധ-
മോർത്തു തെല്ലഴലേൽക്കവേ,
താഴ്മയായടികൈവണങ്ങി
വിഭീഷണൻ ദനുജേന്ദ്രനോ-
ടാണ്മപൂണ്ടുപറഞ്ഞു താ-
നറിയുന്നദുഃഖദഭാവിയെ. ൧

"വന്നുചേർന്നവിപത്തറിഞ്ഞു്
വിനീതനായിവനെത്രയും
നന്നു ഭദ്രമിതോതിടുന്നതു
കേൾക്കുകാശരവീര, നീ
ഒന്നുകൊണ്ടും, ഏതൊക്കെയെൻ പിഴ
കാൺകിലും ഗണിയാതെ നീ
ചെന്നു താർകുഴലാളെ രാമനു
നൽക താമസമെന്നിയേ." ൨

മന്നവർക്കൊരുമന്നനോടു
പിണങ്ങിയാ രണമാടിയാൽ
വന്നിടുന്ന ദുരന്തമാം ഫല
മാകെയൊന്നു കഥിക്കുവാൻ,
പിന്നെയും ചിലതോതുവാനവ-
നദ്യമിപ്പതിനും പരം
മുന്നമേ പലരാക്ഷസേന്ദ്രരു-
മങ്ങുവന്നു നിരക്കയായ്. ൩

വന്നുവന്നു നിരന്നിതാശരർ
അന്നു നീലമുകിൽനിറം
വെന്നമെയ്യൊടു കുംഭകർണ്ണ-
നശേഷലോകവുമൊന്നുപോൽ,

ഉന്നതഝാപനിക്രൂട്ടിയഗ്രജ-
ന്നുള്ളമൊന്നുകുളുൎത്തിടും
വന്ദനം പരമാചരിച്ചു
വിനീതനിങ്ങനെ ചൊല്ലിനാൻ:— ൪

“മററുവല്ലതുമോതിടേണ്ടയിളക്കമൊ-
ന്നിഹ ഭൂവിൽ ഞാ-
നൊററയാംമതി; പോയ്ത്തകൎക്ക-
മശേഷശത്രുഗണത്തെയും,
ചെററുവൻപിയലുന്നകാൎയ്യ-
മമാത്ത്യരാദികളോടുപോയ്
പററിയങ്ങനെ ചിന്തിയാതെ
മിടുക്കരാകിലുമേൽക്കുമോ?” ൫

“മന്ത്രിമാരൊടു,മായപോലിഹ
ഞങ്ങളേവരൊടും ഭവാൻ
ചിന്തയിക്കഥയെക്കുറിച്ചൊരു
ലേശമെങ്കിലുമോരുവോ?
ചന്ദ്രനേർമുഖിയായ ജാനകി
ലങ്കയിങ്കൽ വരുന്നമുൻ-
പെന്തുകൊണ്ടിതു ചൊല്ലിടാനരു-
താതെവന്നതിതേവരെ?” ൬

“കാരിയംപരമങ്ങു നല്ല
വിവേകമാന്റ നടത്തിയി-
ല്ലാരുമാരുമറിഞ്ഞതില്ലിവ-”
യെന്നു,മായവനോതവേ,
നേരി,ലൊന്നു ചവന്ന കണ്ണുക-
ളഗ്രജന്നുടെയാവിധം
മാറുവാനൊരു മാൎഗ്ഗമോൎത്തവ-
നിപ്രകാരമുണൎത്തിനാൻ:— ൭

"ഭംഗിയേറിന നീണ്ടശൂലവു-
മേന്തി ഞാൻ പടതൻനടു-
ക്കങ്ങുചെന്നലറുംക്ഷണത്തി-
ലെതിർപ്പിനെത്തിനവൈരികൾ,
ഭംഗമററ കുരങ്ങർതൻപട
പോലെയന്നരവീരരും
തങ്ങളൊന്നിനൊടൊന്നശേഷരു
മക്ഷണം പൊടിഭസ്മമാം. ൮

"രാഘവന്നൊട്ട തോന്നിടും ഭയ-
മിപ്രകാരമൊട്ടങ്ങുകിൽ
ലോകമാകെ വിളിപ്പെടുന്നൊരു
മൈഥിലീമൃദുമേനിയെ,
പാകമായ് പുണരുന്നതിന്നിഹ
ലേശവും കുറവെത്തുമോ
ഹാ, കഥിക്കാ"യിവണ്ണമോതി
വണങ്ങിനിത്തിയവൻ മൊഴി. ൯

ചൊല്ലിനാനതികായ"നങ്ങിഹ
കൊണ്ടൽവേണി വിദേഹജ-
യുല്ലസിച്ചിടത്തുന്ന നൽസ്തന-
യുഗ്മമേററ രസിക്കതാൻ
നല്ലപോലടിയൻ പടക്കളമെത്തി
യങ്ങനെ പോരുചെ-
യ്യല്ലലാററുവതുണ്ടിരാമ
ശിരസ്സുകൊയ്തുടനെത്തുവൻ. ൧൦

ഇച്ഛപൂണ്ടൊരു കുക്കടത്തിനു
തുല്യമേറിനകാമമാ-
ന്നുച്ചലിച്ചവളെപ്പിടിക്കണ-
മെന്നൊരപ്പുതുനിശ്ചയം

ഒച്ചയല്ലമടക്കി ഗൃദ്ധമുരച്ചു
സേവകനാം മഹാ-
പാശ്വ,നായതുകേട്ടു് തൽക്ഷ
മോതിയിങ്ങനെ രാവണൻ- ൧൧

## ആറാംപടലം

1. പോയ്മറഞ്ഞു=പോയി. ദശാനനൻ=രാവണൻ. ആത്മനാശം=സ്വന്തനാശം. താഴ്മയായ്=വണക്കത്തോടെ. ദനുജേന്ദ്രനോടു്=രാക്ഷസേശനോടു്. ആണ്മപൂണ്ടു്=വൈഭവത്തിൽ. ദുഃഖദഭാവിയെ=ദുഃഖകരമായ ഭാവിയെ. (ഭാവിയുടെ ദുഃഖപൂർണ്ണതയെപ്പററി)

2. വിപത്തു്=ആപത്തു്. ഭദ്രം=മംഗളകരം. ആശരവീര=രാക്ഷസവീര. എന്തൊക്കെ വൻപിഴകാൺകിലും=എന്തെല്ലാം വലിയ തകരാറുകൾ കണ്ടാലും. ഗണിയാതെ=വകവയ്ക്കാതെ. താർക്കുഴലാളെ=സുന്ദരിയായ സീതയെ.

3. മന്നവർക്കൊരുമന്നൻ=മന്നോർമന്നനായ രാമൻ. ആ രണമാടിയാൽ=യുദ്ധംചെയ്താൽ. ദുരന്തമാംഫലം=ദുരന്തമായുള്ള ഫലം. പരം മുന്നമേ=മുൻപു്.

4. നീലമുകിൽനിറം=നീലമേഘവർണ്ണം. വെന്നമെയ്യോടു്=ജയിച്ച ശരീരത്തോടു്. ഉന്നതഘോ നിക്കൂട്ടി=വലിയ ശബ്ദം പുറപ്പെടുവിച്ചു്. അഗ്രജനു്=ജ്യേഷ്ഠനു് (രാവണനു്) ഉള്ളം=മനസ്സ്.

5. ഇളക്കമൊന്നു്=ചാപല്യത്തോടെ. അശേഷശത്രുഗണത്തെയും=സകല ശത്രുക്കളേയും. ചെറുവമ്പയല്ലന്നകാര്യം=കുറെ ഗൗരവമുള്ളകാര്യം. അമാത്യരാദികൾ=മന്ത്രിമാർതുടങ്ങിയവർ ചിന്തിയാതെ=ആലോചിക്കാതെ

6. ചിന്തയി...മോരുവോ=ഇങ്ങനെ ഒരു കാര്യം സംബന്ധിച്ചു ചിന്തിച്ചുവോ. ചന്ദ്രനേർമുഖിയായ ജാനകി=ചന്ദ്രമുഖിയായ സീതാദേവി.

7 കാരിയം=കാര്യം. വിവേകമാന്നു്=വിവേകത്തോടെ. ആരുമാരുമറിഞ്ഞതില്ല=ഒരു മനുഷ്യനും അറിഞ്ഞില്ല. അഗ്രജനുടെ=ജ്യേഷ്ഠന്റെ.

8. അന്നരവീരരും=ആ മനുഷ്യശ്രേഷ്ഠരും.

9. ലോകമാകെവിളിപ്പെട്ടന്നോരു=ലോകത്തിലെങ്ങും കേൾവികേട്ട. മൈഥിലീമൃദുമേനിയെ=സീതയുടെ മൃദുലശരീരത്തെ. പാകമായ്=നല്ലപോലെ.

10. കൊണ്ടൽവേണി=സുന്ദരി. വിദേഹജ=സീത. ഇരാമശിരസ്സ്=ശ്രീരാമന്റെ ശിരസ്സു്.

11. കുക്കുടത്തിനു തുല്യം=കോഴിക്കൊപ്പം. ഏറിനകാമമൊന്നു്=വലിയ മോഹത്തോടെ. ഉച്ചലിച്ചു്=ഇളകിമറിഞ്ഞു്. ഒച്ചയല്ലമടക്കി=സ്വരം വളരെ താഴ്ത്തി. മഹാപാർശ്വൻ=മഹാപാർശ്വനെന്ന രാജസേവകൻ.

# ഏഴാം പടലം

‘പുഞ്ജകസ്ഥലി’യെന്നു മുന്നമൊ-
രോമലാൾ ത്രിദിവത്തിൽനി-
ന്നഞ്ജസാ ധരയെത്തി; ഞാനവളെ
ബ്ബലാൽപ്പിടിക്കുടവേ,
നെഞ്ഞുലഞ്ഞവളേറെമാലൊടു
മാവലാതിയുണർത്തിനാൾ
കഞ്ജപുത്ര,നുടൻ ചിനത്തൊരു
ശാപമന്നിവനേകിനാൻ. ൧

ഇട്ടശാപവുമോതിടാം “ഇനി
മേലൊരിക്കലുമങ്ങു നീ
വട്ടണിസ്തനിമാരെയിഷ്ട-
മശേഷവും ഗണിയാതഹോ,
തൊട്ടനംഗപരാക്രമത്തിനൊരുങ്ങുകിൽ
ത്തലയക്ഷണം
പൊട്ടിടും പൊടി ഭസ്മമാകുമ-
തോർമ്മയായ് കരുതീടെടോ” ൨

“ഈ വിധിയ്ക്കൊഴിവില്ല,യാറണി-
വോരു നൽബലിഭിക്ഷുവാം
ദേവദേവനുമാവത” ന്നിതു്
രാവണൻ പറയുംവിധൗ,
ആ വരിഷ്ഠവിഭീഷണൻ രിപു-
കാലനേറെവിനീതനായ്
കൈവണങ്ങി നിജാഗ്രജാതനൊ-
ടിപ്രകാരമുരച്ചുതേ:— ൩

"കാലനായിഖരനും ശൂരവിരാധ-
നല്ല, കബന്ധനും,
ബാലിയാം കപിരാജനു,മല്ലതി
മായമാൻ മരീചനും,
മാലിയററിന ഘോരതാടകയാൾക്കു-
മന്തകനായൊര-
ബ്ബാലരാമ,നഹോ. ബലാഢ്യന-
ത്തോൎമ്മവേണ, മിളാപതേ." ൮

"നാ,മവൻെറ ബലം ശരിയ്ക്കറി-
യുന്നതെങ്ങനെ? രാഘവൻ
കേമൻ; ആ വരുണൻ ഗണേശനു-
മല്ലവൻ ഗൃഹദേവനും,
ആ, മഹേശ്വരനായ തീയണി-
വോനുമല്ല,യസാരനായ്
പോ, മശക്തസമീരനല്ലവ-
നോക്ക വജ്രിയുമല്ലതാൻ. ൯

അല്ലലേറവുമരക്കർതൻ കുല-
നാശമാശു വരുത്തുവാൻ
നല്ല സൂകരമായതായവ,ന-
നൃസിംഹവുമായവൻ;
ചൊല്ലെഴും മഴവേററമാമുനി
യായവൻ പരമാവിധം
മെല്ലെ നമ്മുടെ വംശനാശന-
മുന്നി ഭൂപനുമായിതേ. ൰

"താൻ ധരേശ്വരനായ പംക്തി-
രഥന്നു സൂനു; സുരക്കു സം-
ക്രാന്തമാം സുധ; ശാന്തമാമുനി-
മാൎക്കു നാന്മറതൻപൊരുൾ

പൂന്തഴക്കുഴലായ സീത പുണർന്നു്
കൊങ്കയിലേൽക്കുമെ-
ക്കാന്തഭ്രഷ്ട;യരക്കനോ വിഷ-
മായവൻ ജനിയിങ്ങനെ.” ൭

കേട്ടരുൾക; യനേകരിന്നു്
പറഞ്ഞുതേ പല മേന്മയ-
ക്കൂട്ടർതാനവരോടു് പോർക്കള-
മെത്തിയാലുഴലുന്നതും!
കോട്ടമേതുമണഞ്ഞിടാതെ-
യിരിക്ക; യീറയകററി നീ
വാട്ടമററുകൊടുക്ക സീതയെ
രാമനിപ്പൊഴ സംശയം.” ൮

“ഈടിലന്നൃപവീരരാമനു-
മക്കപീന്ദ്രനുമൊത്തുപോ-
രാടിടാൻ മദമാർന്നസേനയു-
മെത്തി നേപ്പുതിൽമുന്നമേ,
ധാടിയിൽ തിരുവുള്ളമൊന്നുകനി
ഞ്ഞിടട്ടെ;യയോദ്ധ്യയാം
നാടിനുള്ളരചനു് സീതയെ
നീ കൊടുക്കുക ഭൂപതേ.” ൯

ക്രൂരരോടെവരൊത്തുചേരു?-
മതല്ല നന്മ പറഞ്ഞിടു-
ന്നോര,മാദരവോടു കേൾപ്പവരും
ചുരുക്ക,മിളാപതേ,
ആരു,മോതു,മിളേശ ചരക്കിഷ
കാതിനിമ്പ,മതല്ലപോയ്
നേരെയങ്ങുകൊടുക്ക ഭൂപനു്
നീയുടൻ കയിൽവാണിയെ. ൰

അക്കയിൽമൊഴിയാളെ വീണ്ടിടു-
വാൻ കുലവല്ലധനസ്സമായ്
നിൽക്ക,മാരവല്യവീരനങ്ങു്
കൊടുക്ക സീതയെയെന്നവൻ,
മുഖ്യകീർത്തിയുതൻ വിഭീഷണ-
നോതുമ,മ്മൊഴിയെച്ചെവു
ത്തിക്കണെ,ക്കതിബാലിശം ചില-
തിന്ദ്രജിത്തു് കഥിക്കയായ്. ൫൫

---

## ഏഴാംപടലം.

1. 'പുഞ്ജികസ്ഥലി=ഒരു സുന്ദരിയുടെ പേരു്. ഒരു ഓമലാൾ=ഒരു സുന്ദരി. ത്രിദിവത്തിൽനിന്നു്=സ്വർഗ്ഗത്തുനിന്നു്. അഞ്ജസാ=പെട്ടെന്നു്. ധരയെത്തി=ഭൂമിയിലെത്തി ഞാനവളെബ്ബലാൽപിടികൂടവേ=ഞാൻ ബലാല്ക്കാരമായി പിടിക്കെ. നെഞ്ഞുലഞ്ഞു്=വിഷമിച്ചു്. കഞ്ജപുത്രൻ=താമരപ്പൂവിന്റെ മകൻ (ബ്രഹ്മാവു്) ചിനത്തു്=കോപിച്ചു്.

2. ഇട്ടശാപവും=ബ്രഹ്മാവു് ശപിച്ചതും വട്ടണിസ്തനിമാരെ=സുന്ദരിമാരെ. ഇഷ്ടമശേഷവുംഗണിയാതെ=ഇഷ്ടം തീരെ ഗണിക്കാതെ. തൊട്ടു് അനംഗപരാക്രമത്തിനു്=മന്മഥകേളിക്കു്.

3. ഈ വിധിക്കു്=ഈ ശാപരൂപകമായ ശാസനത്തിനു്. അഴിവില്ല=മാററം ഒരിക്കലുമില്ല. ആറണിവോരു്=നദിഅണിയുന്ന. നൽബലിഭിക്ഷു=ബലിക്കു് ഭിക്ഷുവായ. ദേവദേവനും=ദേവാധീശനും. ആ വരിഷ്ഠവിഭീഷണൻ=ആ ശ്രേഷ്ഠനായ വിഭീഷണൻ. രിപുകാലൻ=ശത്രുക്കൾക്കു കാലനായവൻ. നിജാഗ്രജാതനോടു്=സ്വന്തം ജ്യേഷ്ഠനോടു്.

4. കാലനായി ഖരനു്, വിരാധനു്. വിരാധനു്, കബന്ധനു്, ബാലിക്കു്, മാരീചനു്. മാലിയററിന=ദുഃഖമുണ്ടാക്കിയ. ബാലരാമൻ=ശ്രീരാമൻ. ഇളാപതേ=രാജാവേ.

5. ഗുഹദേവൻ=സുബ്രഹ്മണ്യൻ. തീയണിവോൻ=അഗ്നിനേത്രൻ. അശക്തനായ സമീരൻ=ശക്തിയില്ലാത്ത കാററു്. വജ്രി=ഇന്ദ്രൻ.

6. അല്ലലേററം=ദുഃഖം അധികമാക്കുന്ന. അരക്കർ=രാക്ഷസർ. സൂകരം=പന്നി. നൃസിംഹം=നരസിംഹം. മഴവേററമാമുനി=പരശുരാമൻ. വംശനാശനാമുന്നി=വംശനാശം ഉദ്ദേശിച്ചു്.

7. ധരേശ്വരനായ=രാജാവായ. പംക്തിരഥനു്=രാവണനു്. സൂനു=പുത്രൻ. സംക്രാന്തമായ=ചേർന്ന. സുധ=അമൃതു്. നാന്മറ=നാലു വേദം. കാന്തഭൂഷ=മനോഹരമായ ആഭരണം.

8. അക്കൂട്ടർതാൻ=ആ കൂട്ടർതന്നെ. ഈറ=കോപം.

9. നൃപവീരരാമനും=രാജശ്രേഷ്ഠനായ ശ്രീരാമനും, കപീന്ദ്രനും=(സുഗ്രീവനും) നേപ്പതിൽമുന്നമേ=എതിർക്കുന്നതിനുമുമ്പുതന്നെ. അയോദ്ധ്യയാംനാടിന്നുള്ളരചനു്=അയോദ്ധ്യാധിപനായ രാമനു്.

10. ക്രൂരരോടു്=ക്രൂരന്മാരോടു്. ഇളാപതേ=രാജാവേ. കുയിൽവാണിയെ=കുയിൽവാണിയായ സീതയെ.

11. കുലഘ്നചാപവും=കുലത്തിനെ ഹനിക്കുന്നവില്ലും. മുഖ്യകീർത്തിയുതൻ=പ്രധാനപ്പെട്ട കീർത്തിയോടുകൂടിയവൻ. അതിബാലിശം=ഏററവും നിസ്സാരമായ.

# എട്ടാം പടലം.

“പറകപറകൊന്നുന്നീ! ശ്ശൂര,നാരാഘവൻ
തിറമൊടിവനോട്ടു പോർചെയ്യുതെമ്മട്ടിലാം?
അറിവ,നരികൾക്കെല്ലാം കാട്ടിടാം നിന്നൊട-
ന്നെറിയി,ലടരിൽഭവാൻ തന്നുയിർ പോററുവോൻ”

“സചിവ,മുയിരു പോററുവാനാരും സമത്ഥരാം
തുയിരെവനു് ശത്രുവെപ്പാഞ്ഞെതിർക്കായ്കിലോ,
ഭയമെത്തു ഭവാന്നടൽഭൂമിയിൽ ശത്രുവിൻ
കയറൊടൊരു ചങ്ങലക്കെട്ടുപെട്ടിടിലും!” ൨

“മതിമതിയിതേവരെച്ചൊച്ച്! രാമൻമഹാ-
മതിതുണതരും നിങ്ങൾതമ്മിലോ തുല്യരും!
പിതൃസഹജനാകുവാൻ യോഗ്യനങ്ങ;ല്ലതി-
ന്നതകുമിവൻ” അപ്പൊഴൊന്നോതീ വിഭീഷണൻ

“പടയിലുടനെത്തിടാം നിന്നൊടിഞ്ഞാനമ-
ങ്ങടലിലെതുമട്ടു നീ രാമനോടൊപ്പമാം?
കൊട്ടമപരമുള്ളൊരാക്കുംഭൻ നികുംഭനും
പട്ടമതിയകമ്പനൻ, കമ്പനൻപോലുമേ.” ൪

“കരുത്തു,കതികായൻ മഹോദരാഖ്യാദിയാ-
മൊരുനിശിചരേശരും നേർക്കുമോ രാമനെ?
പരമെവനെയും ജയിച്ചോരുലങ്കേശനും
കുറയുമുയിർ സീതയെത്താൻകൊടുക്കായ്കിലോ?” ൫

“ഉടനരുൾക സീതയെ ക്ഷാത്രമേ കൈവിടെ-”
ന്നടിമുടിവണങ്ങിനാ,നപ്പോൾ വിഭീഷണൻ.
“എടട, സഹജാതനാമുങ്കുകൊണ്ടല്ലയോ
പടുതചപറയുന്നതീ?”യെന്നാൻ ദശാസ്യനും. ൬

"പലതുമിഹവന്നു നീ ചൊന്നു; നിന്നൊപ്പമാ-
യുലകിലിവ, നന്ന്യർതൻ ചാച്ച്യയില്ലെങ്കിലും,
നിലയുയിരിന്നേൽക്കണോ? രാമനോടൊത്തുപോയ്
തുലയുകയതല്ലാഝ്ലിൽ നമ്മൾ ശത്രുക്കളാം" ൭

ശരിശരിപിണങ്ങുമിഞ്ഞാനു,മെൻ ജ്യേഷ്ഠനി-
ങ്ങുരുവിപുലമാപത്തിനൊത്തുതേ ബുദ്ധിയും,
അരുതരുതു് തടുത്തിടാൻ; നാശമെത്തുന്നമുൻ-
പുരുജവമിതാഗമി"ച്ചെന്നാൻ വിഭീഷണൻ. ൮

തെരുതെരെയുണൎത്തിനാ,നായവൻ പിന്നെയും
കരുതിയവ,നാ, നാലരക്കരേയും ക്ഷണാൽ,
ഉരുധനഗൃഹാദിയും ഭാൎയ്യയും വിട്ടുപോയ്
കരുണ പരമാ രാമനുണ്ടാവതിന്നു താൻ. ൯

കപിനിവഹദൎശനം ചെയ്തവൻ ചൊല്ലിനാൻ
"ത്രിഭുവനവിശിഷ്ടനെക്കണ്ടു കൈ കൂപ്പുവാൻ,
അഭയമളവേയിരന്നെത്തി ഞാ"നെന്നു ചൊ-
ന്നവരുമതശേഷവും രാമനോടോതിനാർ. ൧൦

"അരിയിവനണഞ്ഞു ഹാ, നാം വഴക്കാകയോ
ശരി? പകമറക്കയോ മിത്രമായ് കൊൾകയോ?
വരി,നതുകഥിപ്പി"നെന്നോതിനാൻ രാമനാ
ഹരികളുമട്ടത്തുടൻ ചൊല്ലിനാനീവിധം. ൧൧

## എട്ടാംപടലം

1. അറിവൻ=എനിക്കറിയാം. അരികൾക്ക്=ശത്രുക്കൾക്ക്. എത്തും കാട്ടിടാം നിന്നോട്=നിന്നോട് എന്തും കാട്ടാം. നെറിയിൽ=ശരിക്ക്. അടരിൽ=യുദ്ധത്തിൽ. തന്നുയിർപോററുവോൻ=സ്വന്തജീവനെ രക്ഷിക്കുന്നവനാണ് (ഭീരുവാണ്.)

2. ഉയിരുപോററുവാൻ=സ്വന്തം ജീവൻ രക്ഷിക്കാൻ. തുയിർ=പീഡ. ശത്രുവെപ്പാഞ്ഞെതൃക്കായ്കിലോ=നേർത്തുയുദ്ധംചെയ്യാത്തപക്ഷം ആർക്കാണ ഭയപ്പെടാനുള്ളതു്? ഭയമേതു്=നിങ്ങൾക്കു ഭയം എന്നൊന്നില്ലല്ലോ? അടർഭൂമിയിൽ=യുദ്ധക്കളത്തിൽ. ശത്രുവിൻകയററോട്=ശത്രുവിന്റെ പാശത്തോട്. (കയറാകട്ടെ) ചങ്ങലക്കെട്ടതാൻ=ചങ്ങലക്കെട്ടാകട്ടെ ഏററാലും (എന്തായാലും നാണംകെടാൻ തയ്യാറുള്ളയാളിനു ഒന്നും പേടിക്കേണ്ടതില്ലല്ലോ)

3. ചാർച്ച=ബന്ധുത്വം. രാമൻ മഹാമതി=രാമൻ മഹാബുദ്ധിമാൻ! നിങ്ങൾതമ്മിലോ തുല്യരും! ഇരുക്കൂട്ടരും ഭീരുക്കളാണ്. പിതൃസഹജൻ=അച്ഛന്റെ സഹോദരൻ.

5. കുറയുംഉയിർ=ആയുസ്സുകുറവായിരിക്കും.

6. അരുൾകസീതയെ=സീതയെ കൊടുക്കുക. ക്ഷാത്രം=വിരോധം. അടിമുടി=അടിതൊട്ടു മുടിയോളം. സഹജാതനാംഉങ്ക്=അനുജൻ എന്നുള്ള അഹങ്കാരം. പട്ടത=സാമർത്ഥ്യം.

7. അന്യർതൻചാർച്ച=മററുള്ളവരുടെ ബന്ധുത്വം. നില ഉയിരിന്ന് ഏല്ലൂണോ?=നിന്റെ ജീവനു വല്ല നിലയുംവേണോ? അതല്ലായ്കിൽ=രാമനെച്ചെന്നു ആശ്രയിച്ചുകൊള്ളാത്തപക്ഷം.

8. ഉരുവിപുലം=വളരെ വലിയ, എന്നാൻ=എന്നു പറഞ്ഞു.

9. ആ നാലരക്കരേയും=ആ നാലുമന്ത്രിമാരേയും. ഉരുധനാഗൃഹാദിയും=വലിയ ധനം വീടു മുതലായതും.

10. കപിനിവഹദർശനം=വാനരസമൂഹത്തിന്റെ കാഴ്ച. ത്രിഭുവനവിശിഷ്ടൻ=ലോകോത്തമനായ ഭഗവാൻ. അഭയം ഇരന്ന്=ശരണം വരിച്ച്. അവരും=ആ വാനരന്മാരും.

11. അരിഅവൻ=ശത്രുവായ അവൻ (വിഭീഷണൻ) അടുപ്പു=അടുത്തുവരുന്നു. പകമറക്കയോ?=തമ്മിലുള്ള വിരോധം മറക്കണമോ? മിത്രമായ്ക്കൊൾകയോ=സ്നേഹിതൻ എന്ന നിലയിൽ സ്വീകരിക്കണമോ? വരിൻ=വരുവിൻ. ഹരികൾ=വാനരസമൂഹം.

## ഒൻപതാം പടലം.

രിപുവന്നണഞ്ഞു "സദയം ക്ഷമിക്കുകെ-
ന്നപരാധ"മെന്നൊരഭയം വരിക്കുകിൽ,
അപശങ്കമായവനു് രക്ഷനൽകുവാൻ
കൃപ തോന്നിടേണം അതു ധമ്മമേവനം. ൧

ഒരുപക്ഷി പണ്ടു നിജദേഹമേകിപോ-
ലൊരുവേടനു്, ആയവനിണയ്ക്കണച്ചതാം
പുരുപീഡയെ ചെറുതുമോത്തിടാതെ,യി-
പ്പൊരുളാരറിഞ്ഞതവനേകനേ സുധി. ൨

അറിവുററിവണ്ണമരുളും കപീന്ദ്രന-
ന്നറ,വ,ദ്ദശാസ്യസഹജന്നോടേറെയായു്
തിറമാന്ന ദുന്ദുഭിരവങ്ങളെങ്ങുമ-
പ്പുറമാ പ്രശംസയെ വിളിച്ചുരച്ചുതേ. ൩

സ്ഫുടമേററനന്മ തടവും മുഹൂത്തമൊ-
ന്നുടനേ കുറിച്ചിതഭിഷേകകാര്യമായു്.
തടവററ ലക്ഷ്മണനതാ, ചടങ്ങുകൾ
കൂടവേ നിശാചരനൃപൻ വിഭീഷണൻ. ൪

"ഇളകിത്തകക്കുമലയാഴിതാണ്ടുവാ-
നെളുതായ മാർഗ്ഗമെതു? ചൊൽക"യെന്നുടൻ,
ഇളയോനൊടല്ല, കപിരാക്ഷസേശരെ-
ന്നിവരോടുമോതി രഘുവീരനാഗ്രഹം. ൫

ഉരചെയ്തു രാമനുടനംബുരാശിതാൻ
പരമൊന്നുമാറി വഴി തെല്ലു നൽകുവാൻ,
തരമൊത്തു കൂട്ടുനൃപരും തഥാവിധം
കരളൊന്നലിഞ്ഞു കടലോടിരക്കയായു്. ൬

അവരിത്ഥമോതുമളവേ രഘൂദ്വഹൻ
ജവ,മശ്ശരീര,മൊരുമണ്ണിലാംപടി,
അവധാനപൂർവ്വമിരുകൈകെയുമാക്കപി-
പ്രവരാഭിവന്ദ്യപദവും കിളർത്തവേ ൭

പടുവീര്യപൂർവ്വ്,മലയാഴിതന്റെനേ-
ർക്കുടനേശയിച്ചു "വഴിനൽക വാരിധേ,
സ്ഫുട"മെന്നുചൊന്നു ബഹുദർഭചേർന്നൊര-
ത്തടശയ്യതന്നിലുടനേ തപസ്സമായ്. ൮

ഒരുമൂന്നുനാളിതുവിധം ശയിച്ചൊരാ
നരപൻ നിരാശനുടനാർന്നു കോപവും,
പറയുന്നു ലക്ഷ്മണനൊ"ടെന്റെ വില്ലുമ-
ശ്ശരവും ക്ഷണത്തിലരികത്തണയ്ക്കെടോ" ൯

ഇതുകാൺക വാരിനിധിവറ്റി വൻതറ-
പ്പുതുമയ്ക്കുടങ്ങി ബഹുരേണുവേറ്റിടും,
അതുലം ലഘുതപമൊട്ടുവാനരപ്പട-
യ്ക്കിതമായ മാർഗ്ഗമിഹ ഞാൻ ചമയ്ക്കുവൻ. ൧൦

എരിയുന്ന വഹ്നിചിതറും ശരങ്ങള-
ങ്ങരിയോരുവീരനുടനേ പൊഴിയ്ക്കയായ്
പെരികെക്കുടുങ്ങിയലയാഴി വറ്റിയ-
ത്തറകണ്ടമട്ടു ജലമേ നശിച്ചുതേ. ൧൧

വരുണൻ ഭയന്നുടനെയെത്തി"യെന്തഹോ
വരമായ സേതു തരമായ് ചമയ്ക്ക നീ
പരമായതിന്നു നളനെന്നവാനര-
നുരപേറുമായവനൊരുത്തനേമതി" ൧൨

ഇതുകേട്ടു രാമമതി ശാന്തമായിത-
ങ്ങതുലം കപീന്ദ്രരുടനേ ഗമിക്കയായ്
പുതുപർവ്വതങ്ങളുരുവൃക്ഷജാതമെ-
ന്നെതുമക്കടൽക്കരെ വരുത്തി നാട്ടുവാൻ. ൧൩

പട്ടവാം നളന്റെ മതികർമ്മവൈഭവം
പെട്ടമാറു സേതുവുമയന്നമെല്ലവേ,
ഉടനേ പിടിച്ചുകയറക്കപീന്ദ്രര-
ങ്ങടവേ നിരപ്പു് ശരിയായ്പുലത്തുവാൻ ൫൪

ഗിരിയേറെ, വൃക്ഷനിര, വൻശിലാദിയ-
ങ്ങരികെക്കടൽക്കരെ മറിച്ചു വാനരർ
പുരുഹൂതവൈരിയുടെ നാശനത്തിനാ-
യൊരു നൂറുയോജനയണയ്ക്കുപൊങ്ങുവാൻ. ൫൫

ജലരാശി തന്റെമുകളിൽ കപിവ്രജം
മലതൊട്ടതങ്ങു മുറവച്ചു നൽകിടും
നലമുററശില്പി നളനായതേതുമ-
ന്നിലയിങ്കലേ,ററുപരി, തീർത്തുനോക്കിടും. ൫൬

അലയാഴിയാകെ വിഭജിച്ചുതീർത്തപോൽ
നിലപേറിടുന്നൊരണയായ,ത,ക്ഷണം
നലമായ് ദശാസ്യപുരിയിങ്കലെത്തുവാൻ
വിലസുന്ന നല്ല നവവീഥിപോലവേ. ൫൭

മുതൽനാളിലങ്ങു പതിനാലുയോജനാ
ഗതി രണ്ടുനാളിലിരുപത്തുമായിതേ
അതുപോലെ മൂന്നിലിരുപത്തിയൊന്നുമായ്
പുതു സേതുവിന്നുടയ നീളമീവിധം. ൫൮

അഥ നാലുനാളിലിരുപത്തിരണ്ടൊടും
കുതുകത്തിലഞ്ചു ദിനമങ്ങടുക്കവേ,
പ്രഥപേറി നല്ലിരുപതോടുമൂന്നുമായ്
വ്യഥ തീർന്ന സേതു പരിപൂർണ്ണമീവിധം. ൫൯

കരകണ്ടിടാത്ത ജലരാശിയിങ്കലി-
ത്തരമന്നു നൂറുനവയോജനാതടം.
നിരപായമെത്തി നിരയായ് ഗമിച്ചുതേ
വിരുതേറിടുന്നവിധമക്കപിവ്രജം. ൬൦

ഗമനം തുടൎന്നു ചമൂവും കപീന്ദ്രനും
കമനീവ്യഥാൎത്തരഘുവീരഭൂപനും,
സമമങ്ങു ലക്ഷ്മണനുമേ വിഭീഷണൻ
ക്രമമാൎന്നിവണ്ണമവർ താണ്ടിയാഴിയെ. ൨൧

തരുവും ഗിരീന്ദ്രശിഖരങ്ങൾ ശൂലവും
ശരമൊത്ത വില്ല്, ഗദ, ഖഡ്ഗപാളിയും,
പരമേററ സേനയതു് ചെന്നു ലങ്കയാം
പുരമെത്തിയങ്ങനെ നിറഞ്ഞു ചുററുമായ്. ൨൨

---

## ഒൻപതാം പടലം

1. രിപു=ശത്രു. ക്ഷമിക്കക എൻ അപരാധം=എന്റെ അപരാധം ക്ഷമിക്കുക എന്നു്. അഭയം വരിക്കകിൽ=ശരണം ഇരന്നാൽ. അപശങ്കം=നിസ്സംശയം.

2. ഒരു പക്ഷി പണ്ടു=പണ്ടു് ഒരു പക്ഷി, തന്റെ പിടയ്ക്കു ഒരു വേടൻ വേദന ഏല്പിച്ചിട്ടുണ്ടായിരുന്നതും മറന്നു്, ആ വേടനു് ഭക്ഷണമായിത്തീൎന്നു. പുരുപീഡ=വലിയ ദുഃഖം. അവൻ ഏകനേ സുധി=അവൻ മാത്രമാണു് യഥാൎത്ഥത്തിൽ വിദ്വാൻ.

3. കപീന്ദ്രൻ=സുഗ്രീവൻ. ഉറവു്=സ്നേഹം. ദശാസ്യസഹജനോടു്=രാവണസോദരനോടു്. തിറം=പ്രത്യേകവൈഭവം. ദുന്ദുഭിരവങ്ങൾ=പെരുമ്പറഘോഷം. ആ പ്രശംസയെ=ആ വിഭീഷണപക്ഷപാതത്തെ.

4. സ്ഫുടം=വ്യക്തമായി. കുറിച്ചിതു=കുറിക്കപ്പെട്ടു. ലക്ഷ്മണൻ അതാചടങ്ങുകൾക്കു്=ലക്ഷ്മണൻ അഭിഷേകച്ചടങ്ങു നടത്തി.

5. അലയാഴി=സമുദ്രം. ഇളയോനൊടു്=അനുജനോടു്. കപിരാക്ഷസേശരോടു്=വാനരരാജാവിനോടും രാക്ഷസാധിപനായ വിഭീഷണനോടും.

6. ക്രുദ്ധനൃപരും=ക്രുദ്ധരാജാക്കന്മാരും.

7. ശരീരമൊരുമണ്ണിലാം പടി=ദണ്ഡനമസ്കാരം ചെയ്തു്. അവധാനപൂൎവ്വം=ശ്രദ്ധയോടെ. കപിപ്രവരാഭിവന്ദ്യപാദവും=കപിപ്രവരരാൽ അഭിവന്ദ്യമായ പാദവും.

8. പടുവീഴ്ച്ചപൂൎവ്വം=വലിയ വീഴ്ച്ചയോടെ. അത്തടശയ്യ=ആ സമുദ്രതീരശയ്യാതലം.

9. നരപൻ=രാജാവ്. നിരംശൻ=നിരംശംഭരിതൻ.

10. ബഹുതരേണ=വളരെപ്പെരുംടി.

11. എരിയുന്നവഹ്നി ചിതറുംശരങ്ങൾ=അഗ്നിവർഷിക്കുന്ന അസ്ത്രങ്ങൾ. അരിയോരുവീരൻ=ശ്രേഷ്ഠനായ വീരൻ.

12. വരമായ സേതു=ശ്രേഷ്ഠമായ അണ. ഉരു=കീർത്തി.

13. ഇതുകേട്ട്=വരുണന്റെ ഈ വാക്കുകൾകേട്ട്. രാമമതി=ശ്രീരാമന്റെ ബുദ്ധി.

14. പടുവാംനളൻ=സമർത്ഥനായ നളൻ. പിടിച്ചുകയർ=കയർ പിടിച്ചു. നിരപ്പ്=നിര, വക്രതയില്ലായ്മ.

15. പുരുഹൂതവൈരി=ഇന്ദ്രശത്രു (രാവണൻ)

17. വിഭജിച്ച്=പകുത്ത്.

18. 19. 14, 20, 21, 22, 23 എന്ന ക്രമത്തിൽ അന്വയോജന.

21. ചമു=സൈന്യം. കമനീവ്യഥാർത്താഘുവീരൻ=(ശ്രീരാമൻ)

22. തരു=വൃക്ഷം. ഗിരീന്ദ്രശിഖരം=പർവ്വതശിഖരം.

---

## പത്താം പടലം

കടൽതാണ്ടിയെത്തിനൊരു പടതൻപെരുപ്പമെതു
മുടനേ കഥിപ്പതിന് പടുരാവണാജ്ഞയൊട്
നടയായ്'ശുകൻ' പ്ലവഗവടിവേററു സാരണനു-
മടവേവിഭീഷണന് പിടിയിൽപ്പെട്ടുന്നിതവർ ൧

കരപാദബദ്ധരഹ! കപിമർത്ത്യമേററുഴറി-
യരചന്റെ മുന്നിലവരുപനീതരായിടവെ,
ഉരചെയ്തു:—"പംക്തിമുഖ,നിഹ കണ്ടുചെല്ലുവതി-
നരുളീതു ഞങ്ങളുടെ പിഴ നീ പൊറുത്തിടുക" ൨

അതുകേട്ട് രാഘവനമഴകിൽകഥിച്ചു:—"ശരി;
മതി; കെട്ടഴിച്ചിവരെവിട്ടു"കെന്നു കേൾക്കെയവർ,
മതിയും തെളിഞ്ഞവിടെയഖിലം നടന്നപുന-
രിതമായ് സ്വനാഥനൊടു വിവരങ്ങൾ ചെന്നരുളി:— ൩

“പടതൻപെരുപ്പമതു് പരമുള്ളപോലെയിഹ
പറവാൻപ്രയാസമതിലവിട്ടുന്നു് കേട്ടിടുക
കടൽ, ഏഴുമാമലയു,മിഹഭൂമി വാനിടവു-
മിടതൂർന്നിവററയുടെ മുടിവാൽമുടിഞ്ഞു നൃപ.” ൪

“അരചൻ ശ്രവിക്ക വിയദവധിസ്വവാലധിയൊ-
ടൊരുമിന്നലൊത്തനിറമൊട്ടുമേ തനിക്കസമർ,
ഒരുനൂറുകോടി ഭടരനിശംചുഴന്നു നൃപ-
നരികത്തിരിക്കുവതു് കപിവീര‘മൈന്ദ’നവൻ” ൫

“അവനംവലത്തുവശ,മമരുന്നു ‘താര’നത,
ശിവനോടുമേൽപ്പതിനു് ചിതമുററ കൈകളൊടും,
ചുവടേയുറച്ചനിലകലരുന്നു ‘ധൂമ്ര’നവ-
നെവനുണ്ടു് തുല്യമിഹ രണഭൂവിലക്കപികൾ!” ൬

പറയുന്നിടത്തഖിലമൊരുപോലെ നിന്നുമൊഴി
തിറമാക്കിയങ്ങിടതു് മരുവുന്നു‘ജാംബവ’നും,
പെരുതായ്കരുത്തൊടവനരികത്തു് ‘രംഭ’നഥ
പുരുകീർത്തിയാജിപടു ‘സന്നാദ’നാം കപിയും. ൭

ചെമ്പൊൽത്തളിർക്കുപമചിന്നുന്ന മെയ്യൊടഥ
വമ്പാന്ന സന്നദനകരവും പിടിച്ചുടനെ,
ഇമ്പംകലന്ന മുടി! യാ‘ക്രോധ’നെന്ന പുക-
ഴമ്പും കപിപ്രവര, നരികാലനാണറിക. ൮

യമരാട്ടുമൊന്നകലുമൊരുവൻ കടുപ്പമൊട്ടു്
വിമതാളിയെത്തിയടിപണിയുന്ന വൻപിലൊരു
പവമാനവേഗജയമിയലും ‘പ്രമാഥി’കപി
പടതൻ നടുക്കവനു നിനവെന്തു ചൊൽകപണി! ൯

പടചൂഴമന്യകപി പറയാം ‘ഗവാക്ഷ’നതു്
കൊടുതായടുത്തപടി ‘ഗവയൻ’ധരിച്ചിടുക
പടുവീര്യനാണപരനതു ‘ഗന്ധമാദന’നു-
മുടനുണ്ടു് കേസരിയുമതുപോൽ ‘ശതബലി’യും ൰

ശതശക്തിതന്നിടത്തു് വശമങ്ങു്നേൎപ്പവരെ
മദയാനകൾക്കെതിരിലൊരു സിംഹമെന്നപടി,
മതിമങ്ങുമാറു ബലമിയലും നളൻ;പുറകെ
യെതിരാളികൾക്കു് യമനറികങ്ങു നീലകപി. ൧൧

---

## പത്താംപടലം

1. കടൽതാണ്ടി=സമുദ്രംകടന്നു്. പെരുപ്പം=ആധിക്യം. പടുരാവണാജ്ഞയൊടു്=സമൎത്ഥമായ രാവണാജ്ഞയോടുകൂടി. പ്ലവഗവടിവോടു്=കുരങ്ങിന്റെ ആകൃതിയിൽ. പിടിയിൽപ്പെട്ടന്നിതു=പിടിയിൽ പെട്ടു്.

2. കരപാദബദ്ധർ=കൈയുംകാലും ബന്ധിക്കപ്പെട്ടവർ. കപിമൎദ്ദം=വാനരന്മാരുടെ മൎദ്ദനം. ഉപനീതർ=നയിക്കപ്പെട്ടവർ.

5. വിയദവധി=ആകാശത്തോളം. വാലധി=വാൽ. ഒരു മിന്നലൊത്തനിറമൊടും=മിന്നലിനൊപ്പമായ നിറത്തോടും. കപിവീരമൈന്ദൻ=കപിവീരനായ 'മൈന്ദൻ' ആണു്.

6. താരൻ=താരൻ എന്ന വാനരൻ.

7. ഇടത്തു്=ഇടത്തുവശത്തു്. ആജിപടു=യുദ്ധത്തിൽ സമൎത്ഥൻ.

8. ഇമ്പംകലൎന്നമുടി=മനോഹരമായ തലമുടി.

9. വിമതാളി=ശത്രുസമൂഹം. പവമാനവേഗജയം=കാറ്റിൻവേഗത്തോടു് ജയമുള്ള നിനവെന്തുചൊൽകപാണി=അവന്റെ ചിന്ത എന്താണെന്നു് അറിവാൻ പ്രയാസം.

10. പടുവീൎയ്യൻ=പടുവായ, സമൎത്ഥമായ വീൎയ്യത്തോടുകൂടിയവൻ. ശതംബലി='ശതബലി'

11. ശതശക്തി=ശതബലി.

---

# പതിനൊന്നാം പടലം

അവനടുത്തുടനിടത്തരികിൾ തൻകുലയമൻ
വിവിദനാം കപിവരൻ വിരവിൽനില്പിതു മുദാ,
പവനജൻ, ജലധിതാനിഹ കടന്നിവിടെ വ-
ന്നവ,നതാ, ഹനുമനാം കപിയുമുണ്ടരികിലായ്. ൧

അതിനടുത്തരികതാൻ കപിവരൻകുമുദനാ-
ണിതമൊടും പനസനുണ്ടരികിലംഗദനുമായ്,
ഉദിതനാം രവിയൊടൊത്തഴകെഴുന്നവനടു-
ത്തത, നിറംപെടുവൊരത്തനു സുഷേണനനവൻ. ൨

ഒരുവശത്തഴകെഴെത്തനു ചുവന്നുടനടു-
ത്തിരുവർനിൽപ്പവരഹോ, സുമുഖദുർമ്മുഖരുമാം,
കരമതിൽപ്പുരുതരുപ്രവരമാർന്നിതിനെഴും
കവരമങ്ങറിയുവോൻ തെളിവെഴും ദധിമുഖൻ. ൩

മുഖമതാ മുഴമതിയ്ക്കെതിരെ'വേഗദരിശി'
പ്പുകളൊടും പടയിലപ്പെട്ടവവൻ, പുനരതാ,
മികവെഴും കപിവരൻ ശ്വേതനും ദ്യുതിമുഖൻ
തികവിലങ്ങറിക രണ്ടമിതവിക്രമികളെ. ൪

അഴകിൽനിൻമുടിവിനങ്ങരചർ നായകരൊടും
പിഴയെഴാമതിയിൽനിൻ സഹജനാണതിനുമേൽ
തഴനിഴൽക്കരികിലപ്പടയശേഷവുമതാ,
കഴൽതൊഴും കപികുലോത്തമനുമുണ്ടവനൊടും. ൫

കപികുലത്തരചനും നിശിചരോത്തമനുമ-
ക്കവിയുവോരുരപെടും സഹജലക്ഷ്മണനുമേ,
അവനിപൻ രഘുകുലോദ്വഹനെഴുന്നടിപണി-
ഞ്ഞവരതാ ചുഴലവും പരിചരിച്ചരുൾവുതേ. ൬

വരുവതൊന്നറിയുവോൻ, മനുകുലോത്തമനവൻ
കരുതിവന്നൊരുരണംപഴുതിലെന്നതുവരാ
കരതലത്തമരുമക്കണകളും ബത, ചുവ-
ന്നരുളുമമ്മിഴിയുമിക്കുടി കെട്ടത്തിട്ടുമഹോ! ൭

കുടികെട്ടുപ്പതിനുമുമ്പവീടെയാ രഘുവര-
ന്നടിയിണയ്ക്കുടിപണിഞ്ഞരിയ ജാനകിയെ നീ,
ഉടനെ ഭീവിനയമെന്നിവയൊടും തിരിയെ ന-
ല്ലടവിലങ്ങരുളുവാൻ തിരുമനം കനിയണേ. ൮

മൊഴികൾകേട്ടിതുവിധം ദശമുഖൻ ക്രുധയൊടും
മിഴിച്ചുവന്നവരെ നേത്തലറിനാനധികമായ്,
വഴിതടഞ്ഞൊരുപഴിയ്ക്കുതിരിലാപ്പുരുരണ-
പ്പിഴയതാമൊരുചതിയ്ക്കുതിരസാൽക്കരുതിനാൻ. ൯

പറകയായ് "ഒരുധനുസ്സുഭിനവം രുധിരമാ-
ന്നൊരു ശിരസ്സിവയുമായ് നളിനനായികയുടെ
"കരൾതളന്നിട്ടുവതിന്നുതകുമാറിഹവരിൻ"
ശരി!"യവൻ സചിവനൊത്തുടനഹോ, മറകയായ്. ൧൦

ദശമുഖൻ കുസുമസായകഗണം പെരികെയേ-
റ്റസു പിടഞ്ഞതുവിധം ജനകജാനികടഗൻ,
"ദശരഥാത്മജനെഴും തലയിതാ, ചിലയുമെൻ
കയൽമിഴീ കരുതിതെ"ന്നരുളിനാൻ കഠിനമേ! ൧൧

---

## പതിനൊന്നാം പടലം

1. അവനടുത്തു്=അവൻെറ അടുത്തു്. അരികൾതൻ കുലയമൻ=ശത്രുകുലാന്തകൻ. വിവിദൻ=വിവിദനെന്ന വാനരൻ. നില്പിതു=നില്ക്കുന്നു. (അതുകഴിഞ്ഞു്) പവനജൻ=ഹനുമാൻ. ജലധിതാനിഹകടന്നിവിടെവന്നവൻ=സമുദ്രംകടന്നു് ഇവിടെ എത്തിയവൻ.

2. കുമുദൻ=മറെറാരു കപി. പനസൻ=മറെറാരുകപി. അംഗദൻ. ഉദിതനാംരവി=ബാലസൂര്യൻ.

3. അഴകെഴെ=ശോഭയുള്ളവിധത്തിൽ. പുരുതരുപ്രവരം=വൻമരം.

4. മുഴമതിയ്യെതിരെ=ചന്ദ്രബിംബമുഖത്തിൽ. വേഗദരിശി=വേഗദൎശി. ദ്യുതിമുഖൻ=ജ്യോതിൎമ്മുഖൻ.

5. നിൻമുടിവിന്ന്=നിന്നെ സംഹരിക്കാൻ. അരചർനായകർ=രാജാധീശർ. (രാമലക്ഷ്മണന്മാർ) നിൻസഹജൻ=വിഭീഷണൻ. കപികുലോത്തമൻ=സുഗ്രീവൻ.

6. ഉര=കീൎത്തി. അവനിപൻ=രാജാവ്. രഘുകുലോദ്വഹൻ=ശ്രീരാമൻ. ചുഴലവും=ചുററും.

7. വരുവതൊന്നറിയുവോൻ=ഭാവി അറിയുന്നയാൾ. മനുകുലോത്തമൻ. മനുവംശനായകൻ (രാമൻ) കുടികെടുത്തിടും=വംശനാശം വരുത്തും.

8. അടിയിണയ്ക്കൂടിപണിഞ്ഞു്=വന്ദിച്ചു്.

9. ക്രുധ=കോപം. അവരെ നേൎത്തു്=അവരെ എതിൎത്തു. വഴിതടഞ്ഞു=അവരെത്തടഞ്ഞു്. ഒരുപഴിക്കെതിരിൽ=സീതാപഹരണമെന്ന അപരാധത്തിന്നു എതിരായിട്ടു്. പുരുരണപ്പിഴയതാം=യുദ്ധമുറയല്ലാത്ത. ചതിയ്ക്കു്.

10. ഒരു ധനുസ്സ്=ഒരു വില്ല്. അഭിനവംരുധിരമാൎന്ന=പുത്തൻരക്തം ഉള്ള. നളിനനായിക=ലക്ഷ്മീദേവി (സീത) കരളാംതളൎന്നിടുവതിന്ന്=നെഞ്ചുപൊട്ടുന്നവിധത്തിൽ.

11. കുസുമസായകഗണം=മന്മഥാസ്ത്രസമൂഹം. അസു=ജീവൻ. ജനകജാനികടഗൻ=ജനകജയുടെ-ജാനകിയുടെ സമീപം എത്തിയവൻ. ദശരഥാത്മജനെഴുംതല=ശ്രീരാമന്റെ ശിരസ്സ്. ചില=വില്ല്. കയൽമിഴീ=മീൻപോലുള്ള കണ്ണോടുകൂടിയവളേ. കരുതിതെന്നു്=ഇതു് കരുതുക എന്നു്.

---

# പന്ത്രണ്ടാം പടലം

"ചൊല്ലാമിതാ, ഭവതിയോടൊരുകാര്യമിപ്പോൾ
വല്ലായ്മചെയ്തിതൊരു വൻകപി,യാകയാലേ,
എല്ലാക്കരങ്ങളുമൊരൊററനിശയ്ക്കു കീഴ്പെ-
ട്ടല്ലോ മഹോദര,നടർ, ബഹുഘോരമായി. ൧

"വന്നാൻ മുറയ്ക്കുരചനങ്ങളു രണാഭിലാഷി-
യെന്നാലവന്നുടയ വില്ലു,മഹോ, ശിരസ്സും,
ചെ,ന്നാശരപ്പരിഷ നേർത്തുപിടിച്ചുകൊയ്താർ
പിന്നാലെ ലക്ഷ്മണനുമെത്തിയതില്ലെതിർപ്പാൻ." ൨

"ആരുണ്ടു് നമ്മൊടിഹ പോരിലെതിർത്തുനില്പാൻ
പോരും വചസ്സി,"തവിടെശ്ശരി,യാരുനിൽപ്പൂ?"
"നേരിട്ടുകൊണ്ടുവരിക,ച്ചിലയും ശിരസ്സും
നേരം വൃഥാ കളകവേ,ണ്ടതിവേഗമാട്ടേ." ൩

ഇച്ചൊല്ലു് മിന്നലൊലിനാവനുമാദരിച്ചു
മെച്ചത്തിലന്നു നിജമായകളേതിനാലും,
ഇച്ഛപ്പടിക്കു് വിരചിച്ച ശിരസ്സു വില്ലും
വെച്ചാൻ സമക്ഷമവ ഹാ! സതി സീത കണ്ടാൾ. ൪

നോക്കീ വിദേഹജ ശിരസ്സിനെ വില്ലിനേയു-
മാക്കേടകന്നൊരടയാളമശേഷമുന്നി,
ആക്കംപെടും കമനനുള്ള ശിരസ്സുതന്നെ-
യാക്കണ്ടതെന്നുമറിവായി നടുങ്ങി ചിത്തം ൫

പെട്ടെന്നുപാഞ്ഞു മനതാരിലൊരോരു ചിന്ത
നട്ടംതിരിഞ്ഞു നളിനാക്ഷിയഹോ, പിടഞ്ഞാൾ
ഒട്ടൊന്നുനോക്കമുടനേ, ബത വിത്തു കണ്ണിൽ
കഷ്ടം! ജലംപെരുകി വീണു വിഷണ്ണയാകും. ൬

കണ്ണീർനിറഞ്ഞനയനത്തൊടു ദേവി സീത
മണ്ണിൽപ്പതിച്ചു തിരുമേനി കിടന്നുരുണ്ടു
"എണ്ണീടിലെന്നെയിനിയേവനഹോ തുണയ്ക്കു"-
ന്നെന്നീവിധത്തിലഴലേററു പുലമ്പി നീളെ. ൭

"ഘോരം ഖരാദി ബഹുവീരരിപുക്കളായ
വാരാകരം ലഘുവിലങ്ങു കടന്ന നാഥ!
തീരെ പ്രയാസമിയലാത്ത 'മഹോദര'ത്തോ-
ടാരാൽക്കടപ്പതവിടേയ്ക്കുമസാദ്ധ്യമായോ?" ൮

"ആ, രാവണാദികളെ ഞാ,നടവേ വധിപ്പൻ
പേറായ്ക സങ്കടമിനിത്തപമാചരിക്ക,"
ക്രൂരാന്നിവണ്ണമരുളി മുനിമാരൊടങ്ങു-
ന്നോരാ,നഹോ! വിഷമ,മന്നിലയാകമാനം!! ൯

നീ വാച്ചകോപമൊട്ടമന്നു തെളിച്ചു നിൻെറ
നാവാൽക്കഥിച്ചപലം തന്മുനിമാരൊടെല്ലാം,
ആ വാക്കശേഷവുമഹോ, വെറുമർത്ഥശൂന്യ-
മാവാനുമായ് വിധി; ഭവാൻ പരലോകമെത്തി!" ൧൦

അന്യം ജഗത്തിലമരുന്ന ഭവാന്നൊടിപ്പോ-
ളൊന്നുണ്ടുണർത്തുവതിനായ് അതിനാൽ ക്ഷണത്തിൽ,
എന്നേയുമേ, വിജയശാലി നൃപാലകാ നീ-
യിന്നങ്ങു നിൻനികടമെത്തിടുവാൻ തുണയ്ക്ക." ൧൧

"അയ്യോ! കടപ്പ,മിഹ ജീവിതമെത്രഭാരം!
വ,യ്യോർത്തുവാനിവിടെയെ?ന്തിതുപോൽ ഭവിപ്പാൻ?"
മെയ്യോം തളർന്നിതുവിധം പരിതപ്തദേവി
കൈയ്യോടെ ബോധരഹിതം നിലതെററിവീണാൾ. ൧൨

അപ്പേടമാൻമിഴി മയങ്ങി മൊഴിഞ്ഞചൊല്ല-
ന്നെപ്പേരുമേ ചെവിയിലേററ നിശാചരന്മാർ,
അപ്പേടിതൻവിധമൊരോന്നുപറഞ്ഞുകൊണ്ട-
ങ്ങപ്പോൾ മറഞ്ഞിതവിടം ജനശൂന്യമായി ൧൩

അമ്മട്ടുകണ്ടു സമരാഖ്യനിശാചരസ്ത്രീ
"വൻമായമാണു തല, വി,ല്ലിവ"യെന്നുചൊന്നാൾ
ഉണ്മയ്ക്കിവണ്ണമറിവേററളവേ നിവന്നാ-
രുന്മേഷമാൻറു ജനകാത്മജയും തെളിഞ്ഞാൾ. ൪൪

ഒക്കാ, ചതിപ്പണികളെന്നുനിനച്ചു മന്ത്രി-
ച്ചക്കാല,മദ്ദശമുഖൻ നിജദൂതനെത്താൻ,
അക്കാത്മജന്നരികിലേയ്ക്കു പറഞ്ഞയച്ചാൻ
നിൽക്കാതെയോടിയവനെത്തി മടങ്ങിവേഗം ൪൫

"വന്നെത്തി വൻപടയതാ, മലയാചലത്തി-"
ലെന്നങ്ങവൻ പറകെ, രാവണനാത്തരോഷം,
തന്നുള്ളമോ,പതറിയേതൊരെതിപ്പുവേണ്ട-
തെന്നുള്ള ചിന്തയൊടുമല്പമിരുന്നു പിന്നെ. ൪൬

തൻ ദൂതനെസ്സപടി വി,ട്ടവനെത്തുടൻറു
വൻ ദോർബ്ബലത്തൊടു കടന്നുപിടിച്ചിവണ്ണം,
സന്ദേഹമാക്കുമുളവാംപടി മല്പയുദ്ധാ-
മെന്നോതിടട്ടെ, യവരേററുമറിഞ്ഞു താഴെ. ൪൭

തട്ടിപ്പിലിങ്ങനെ ജയത്തിനുവേണ്ടിയെത്തും
മട്ടൊന്നുക,ണ്ടെതിരിനെത്തിന വാനരേന്ദ്രൻ,
പെട്ടെന്നണഞ്ഞു ദശവക്ത്രകിരീടമാഹാ
തട്ടിച്ചു രാമപദതാരിനു കാഴ്ചവെച്ചാൻ. ൪൮

ശ്രീരാമനക്കപിയൊടോതി"യെനിക്കു നീയാം—
പ്പേരായിവണ്ണമുതവിക്കു മുതിന്നതോർത്താൽ,
പോരായ്മയാ,ണതു ശരിക്കുധരിച്ചു കോപം-
പേറായ്ക"യെന്നനുനയത്തൊടണച്ചുനിന്നാൻ. ൪൯

പിന്നേയുമോതിയരചൻ മനതാർകനിഞ്ഞു
"മുന്നേതിലുംവളരെ വാച്ചൊരൊരുക്കമോടും,
ചെന്നേൽക്ക നാ,മടരിലായവനോടിതൊന്നാ-
ണിന്നേരമേററമുചിതം, കപിവീര, പാത്താൽ" ൫൦

അ,ന്നാവിധത്തിലരുളീടിന ഭൂപനോടു
ചൊന്നാൻ വിനീതകപിനായക,നിപ്രകാരം:—
"വന്നാ വിദേഹസുതയെബ്ഭത കട്ടുപോയോ-
നെന്നായെനിക്കവനെനേക്കെ വളർന്നു കോപം" ൨൧

"പാരിച്ചകോപമൊടു ഞാ,നവനെശ്ശരിക്ക
നേരിട്ടിതാശരകുലക്രമമാം കളങ്കം
ചേരുന്നതാം തരമതങ്ങനെ ഞാൻ പുലർത്തീ
കാരുണ്യപൂർവ്വമവിടുന്നു പൊറുക്ക സർവ്വം" ൨൨

---

## പന്ത്രണ്ടാംപടലം

1. ഒരൊററനിശയ്ക്കു്=ഒരു രാത്രി. കീഴ്പ്പെട്ടുവല്ലോ=കീഴടങ്ങിപ്പോയി. മഹോദരന്=മഹോദരൻ എന്ന രാക്ഷസന്. അടർ=യുദ്ധം.

2. അരചൻ=രാമൻ. രണാഭിലാഷി=യുദ്ധംചെയ്യാൻ ആഗ്രഹമുള്ളവൻ. ആശരപ്പരിഷ=രാക്ഷസന്മാർ. കൊയ്യാർ=നിഷ്പ്രയാസം തട്ടിഎടുത്തു.

3. പോരുംവചസ്സ്=പറഞ്ഞതു മതിയല്ലോ. ചില=വില്ല്.
4. മിന്നലൊളിവായൻ=വിദ്യുജ്ജിഹ്വൻ.
5. ആ കേടകന്ന അടയാളം=ഓരോ പ്രത്യേക അടയാളം.
6. വീക്കം=ദീർഘശ്വാസംവിട്ടു
7. എണ്ണീടിൽ=വിചാരിച്ചാൽ.

8. ഘോരനായ ഖരൻതുടങ്ങിയ ശത്രുക്കളാകുന്ന. വാരാകരം=സമുദ്രം. മഹോദരത്തോട്=മഹോദരനാകുന്ന തോട്.

9. ഓരാൻ=ചിന്തിക്കാൻ.
10. വാച്ചകോപമൊട്=വർദ്ധിച്ച കോപത്തിൽ.
11. അന്യംജഗത്തിലമരുന്ന=മറെറാരു ലോകത്തിലെത്തിയ
12. പരിതപ്തദേവി=അത്യധികം സങ്കടപ്പെട്ട ദേവി.

13. അപ്പേടിതൻവിധം=സീതയുടെ ഭയത്തിന്റെ മാതിരി.

14. സമരാഖ്യനിശാചരസ്ത്രീ=സമര എന്ന രാക്ഷസി. വന്മായമാണ് തല വില്ല് എന്ന്=തലയും വില്ലും വലിയ ചതിയാണെന്ന്.

15. ഒക്കാ=ഒക്കുകയില്ല. അക്കാത്മജനരികിലേക്ക്=സുഗ്രീവന് സമീപം.

16. മലയാചലത്തിൽ=മലയപർവ്വതത്തിൽ. ആത്തരോഷം=കോപത്തോടെ. തന്നുള്ളംപതറി=മനസ്സു പരിഭ്രമിച്ചു്. ഏതൊരെതിർപ്പു്=ഏതു തരമുള്ള എതിർപ്പു്.

17. വൻദോർബ്ബലത്തൊടു്=വലിയ കൈയ്യൂക്കോടുകൂടി. അവർ=ആ രാവണനും ദൂതനും.

18. തട്ടിപ്പിൽ=കൗശലത്തിൽ. വാനരേന്ദ്രൻ=സുഗ്രീവൻ. ദശവക്ത്രകിരീടം=രാവണൻെറ കിരീടം. രാമപദതാരിനു്=ശ്രീരാമൻെറ പാദങ്ങളിൽ.

19 എനിക്കു് നീ ആംപ്പേരായിട്ടു്=എനിക്കു പകരമായിട്ടു്. ഉതവിക്കു്=സഹായത്തിനു്.

20. മുന്നേതിലും=മുമ്പിലത്തേതിലും. വാച്ചു=വർദ്ധിച്ചു. അതൊന്നാണു്=യുദ്ധത്തിൽ ആ രാവണനോടു് ഏല്ക്കണം എന്നുള്ളതാണു്.

21. അവനെ നേക്കെ=അവനെ എതിരിട്ടപ്പോൾ.

22. ആശരകുലക്രമമാം=രാക്ഷസകുലരീതിയായ.

---

# പതിമൂന്നാം പടലം

വൻതഴയ്ക്കുടയൊരന്നിഴൽക്കരികെ
    യുദ്ധസാധനസമൃദ്ധിയിൽ
പംക്തികണ്ടുന്നടെ വാഴ്ചകണ്ടമിത
    ചാപലത്തൊടു കപിവ്രജം,
ഹന്ത! പാഞ്ഞു ബഹുമേളമായ് ഗിരിക-
    ളേറെയങ്ങനെയടർത്തെടു-
ത്തന്തരാ, ലഘുവിലക്കിടങ്ങുകളെ
    യാകെമൂടിയതിഘോഷമായ്! ൧

അമ്പിളിക്കലയെ നേർത്തുപൊങ്ങുവൊരു
    സൗധരാജിയു,മതേവിധം
വൻപിയന്ന ശിലയൊത്ത വൻമതിലു-
    മേറെയങ്ങനെ തകർത്തഹോ!
കമ്പിതം നഗരിയാകെയെന്നവിധ-
    മാർത്തു ചീർത്തു ബഹുധൃത്തൊടും
മുമ്പുപിമ്പു കപിസേനയും നൃപരു-
    മൊപ്പമങ്ങു് പുരി ചുററിനാർ. ൨

തക്കമൊത്തു ബഹുകോടിവാനര-
രതാ, ഗമിപ്പു നവ,മീടെഴു-
ന്നക്കിഴക്കരിയ ഗോപുരത്തിനു്
സമീപമെത്തി നിലപോററുവാൻ
അക്കണെ,ക്കരചനോതി നീലനൊട്ടു്
മൈന്ദനും വിവിദനും സ്വയം
നിൽക്കയോ, യവിടെ നല്ലുറപ്പിലൊരു
സൈന്യനേതൃവിഭവത്തൊടും ൩

അംഗദൻ വിപുലകീർത്തിയേററ ഗജ-
നാദിയെവരൊട്ടുമേ മുതി-
ന്നങ്ങു തെക്കുവശമുള്ള ഗോപുര-
മണഞ്ഞു വൻപടയൊടും തദാ,
അങ്ങനേയവിടെയപ്പെരും നെടിയ
ഗോപുരത്തിലരിവീരരും-
ത്തിങ്ങുമീററയൊടെതിർത്തിടുന്നടവ-
ശേഷവും വിഫലമാക്കുവാൻ ൪

വന്നെതിർക്കുവൊരു ശത്രുരാജിയുടെ-
യുദ്യമങ്ങളറിവാൻ തിറം
ന,ന്നിയന്നൊരിരുനൂറുകോടി ഭട-
രങ്ങടൽക്കുടയ കോപ്പൊടും,
ചെന്നണഞ്ഞു പടിഞ്ഞാറെഴുന്ന വര-
ഗോപുരത്തറയിലെത്തവേ,
നിന്നു രണ്ടു പടയാളിമാരരിയ
ചാട്ടുവിൽക്കൊടികളേററുതാൻ ൫

മൈഥിലീഹൃദയമോദകാരിമഹി-
തൻ ഹനൂമനമടുത്തുചെ-
ന്നാ,ധരേശനരുളുന്ന കല്പന സ-
മാദരിച്ചധികശൗര്യവാൻ.

രോധനം പര,മസാദ്ധ്യമെന്നു് നിശി-
ചാരിവർഗ്ഗമകമേ ഭയ-
ന്നാധികൊൾവതിനുതന്നെയന്നുഴറി-
യാജിഭൂവിലൂടനെത്തിനാൻ. ൬

ദേവദേവ,നുലകങ്ങൾമൂന്നിനുമൊ-
രൊററയാം തണലു് ഭക്തരിൽ
കേവലാത്മപുരുഷൻ കൃപാമൃതമി-
യററുപോരു രഘുനായകൻ
ഏവനും വിനകളാകെ നീക്കുവതി-
നായു് മുതിർന്നനുജനോടുമ-
ങ്ങാ,വരേണ്യരണഭൂമിതന്നിലൂട-
നെത്തിനാ,നമിതവിക്രമൻ. ൭

വാനരപ്പടകൾ വീണ്ടുമേറെയണി
ചേർത്തണഞ്ഞൊരു വിഭീഷണൻ
താനുമൊത്തരിയൊരുത്തരാശയി
ലെഴുന്ന ഗോപുരസമീപമായു്,
മാനവേന്ദ്രിമണിയങ്ങു പാഴ്ത്തറയി-
ലൂനമററ നിലകൊണ്ടുതേ,
ന്നൂന,മ,ന്നിശിചരർമ്മത്തലിനു-
മൊപ്പ,മന്തമരുളീടുവാൻ. ൮

"ചൊല്ലിടാമിതൊരുഹേതുവായു് മമത
നമ്മൾതമ്മിലിഹ നഷ്ടമാ-
കൊല്ല, ഞാനതിർകടന്നു നിന്നൊടണ-
യുന്നതല്ല, രണമാടുവാൻ
ഇല്ലകാരണമതേപടിയ്ക്കിവിടെ
നീയുമെത്തുവതി,നാകയാ-
ലല്ലയോ, രവിതനൂജ, നീ നിജ
പുരിക്കു പോവുക മടങ്ങുക ൯

“നിങ്ങൾതമ്മിലെഴുമിട്ടമൈത്രി
യൊരുവൻ മനുഷ്യനൃപൻ; അന്യനോ
തുങ്ഗവാനരവരൻ! വിചിത്രമവ-
നെബ്ഭവാനറികയില്ലതാൻ.”
ഇങ്ങനേ പലതുമോതിവിട്ട ദശ-
കണ്ഠദൂതനൊടു ചൊൽകയായ്
ഭംഗിയായ്കപികുലാധിപൻ മൊഴിക-
ളേറെവാശിയൊടുമീവിധം. ൧൦

“പേടമാൻമിഴിവിദേഹജാതയെ
ഹരിച്ചുപോയലകടൽകട-
ന്നീടുഴും നിജപുരത്തിലെത്തിയിഹ
മേന്മചൊല്ലുവൊരു നിന്നുടൽ
കൂടലർപ്പടയിലാശിരസ്സഖില-
മററുരുണ്ടു കഷണങ്ങളായ്
കൂടിട്ടന്നൊരു പരുന്തു പേയ്വ-
യശിച്ചു തീരുവതു കാണുവാൻ.” ൧൧

“കൂടിയാൽ ദിവസമെട്ടുവേണമതു
നാൾവരേയ്ക്കുമിഹ ലങ്കയിൽ
കേടകന്നു മരുവുന്നതു;ണ്ടതിനു
ശേഷമേ തിരിയെയുള്ളു ഞാൻ.”
ധാടിയോടുമിതുമട്ടുരച്ചു നിശി-
ചാരിദൂതനെ മടക്കിനാ-
നാടലേതുമകമെത്തിടാതെയതി
ധീരനായ രവിപുത്രനും. ൧൨

അത്തരം കപികുലേശവാക്കു നിജ-
ദൂതനോതുമളവേ കയ-
ത്തുമേലരിശമാന്നു രാവണ-
നഹോ ചുവന്ന നയനങ്ങളാൽ,

സത്വരം ചിലതു ചോദ്യമായി-
　　“ത്തെടോ കഥിക്ക വഴിപോലെ നീ
തത്ര ബാലിസുതനെന്തു ചൊല്ലി?
　　യെന്തു ചൊല്ലിയഥ ദശരഥാത്മജർ?” ൬൩

“ഒന്നുമേ ദശരഥന്റെ പുത്രരി-
　　ലൊരാളുമേതുമരുളീലയോ?
ചൊന്നി,ടച്ചപലവാനരപ്പടയെ-
　　ത്തേതുമട്ട കഴിയുന്നെടോ?
എന്നതല്ല, നിലയെന്തവററയുടെ?
　　ധാടിമോടികളുമെന്തുവാൻ
നിന്നസൂക്ഷ്മതരമോതു”കെന്നരുളി
　　ദ്ദൂതനും പരമുരയ്ക്കയായ്. ൬൪

“ചൊല്ലുവാൻപണി സമസ്തമെങ്കില്യ-
　　മൊരല്പമിന്നടിയനോതിടാം
ചൊല്ലെഴുന്നനിലപുത്ര, നങ്ഗദനു-
　　മൊത്തു നീലനൊടുമൈന്ദനും,
വല്ലഭത്വമിഹ മൂന്നുപാരില്യ
　　മിയററുവോരു പടയും നയി-
ച്ചില്ലയോ പരമധാർഷ്ട്യമാന്നവിടെ
　　നല്ലൊരുക്കമൊട്ടു നില്പതും?” ൬൫

അപ്പടയ്ക്കുരിയകൂട്ടിനും വഴി
　　തെളിക്കുവാനുമവലംബമായ്
നിൽപ്പു രാമനനുജാതനൊത്തുബഹു
　　വീറൊടത്തറയിലങ്ങനെ
ഇപ്പുരത്തിലെഴമാവടക്കു വര-
　　ഗോപുരത്തിനു പുറത്തു വൻ-
കെല്പൊടും വഴിതടഞ്ഞു നിൽപ്പു
　　ബഹുവാശിയേറുമെതിരാളിമോർ. ൬൬

"എന്തുവാൻ "വഴിതടഞ്ഞു!" ശത്രുഗണ-
മെന്നതോ കഥ?യവർ ചുഴ-
ന്നന്തരായമരുളുന്നിതോ? ശരി-
യഭിജ്ഞരെന്നോടിതു ചൊല്ലിനാർ.
പിന്തിരിഞ്ഞിടുകയില്ലതാൻ വിജയ-
മേതുമട്ടുമിഹനമ്മിലേ
സന്തതംതെളികവേണമിമ്മധുര-
വാണിയിൽ, കൊതിമുഴക്കയാൽ." ൫൬

"എങ്കി,ലിക്ഷണമൊരുങ്ങണം പിഴകൾ
വന്നിടാതെയിനി നാം മുറ-
യ്ക്കങ്കുകാട്ടിടണമേതുമട്ടുമൊ-
രടക്കമൊക്കമെരുതല്ലവും,"
ലങ്കതൻപതിയിവണ്ണമൂർജ്ജിത-
വചസ്സിനാൽപ്പുതിയൊരാജ്ഞതാൻ
കിങ്കരക്കരുളിയക്ഷണത്തിലെഴ,
നേററു ധാടിയൊടുപോകയായ്. ൫൭

മന്നവേന്ദ്രമണി,രാമ,നങ്ഗദനെ
യന്നുചെന്നരികിലായ് വിളി-
ച്ചൊന്നുചൊല്ലി "ദശകണ്ഠനോടിവ-
നരച്ചിടുംപടി കഥിക്കെടോ."
"നന്നുനിൻെറബലമേതുമേ ശരി;
യതോർത്തുനമ്മുടയകാന്തയെ-
സ്സന്നമായപഹരിച്ചുനിന്നുടെ
പുരത്തിലങ്ങനെ രസിക്കയോ?" ൫൮

"കീർത്തിയേറുമൊരുബന്ധുവർഗ്ഗവു-
മതേവിധം തനയരും പരം
ചീർത്തവീര്യമെഴുമുദ്ധതർ ഭടരു-
മുജ്ജ്വലം പടയൊരുക്കവും

നേർത്തിടാൻ പുതിയ മാർഗ്ഗമോതുവൊരു
    മന്ത്രിമാരുമൊരുമിച്ചിരു-
ന്നാർത്തിയററുകഴിയാമനേകദിന-
    മെന്നശ്ശുള്ളുമതിയാക്കെടോ.” ൨൦

“നല്ലതോതുവതിനൊത്തതാംസമയ-
    മുണ്ടു്; ചൊൽവനിനിയുംനിന-
ക്കല്ലസിക്കണമിളാതലത്തില്ലയി-
    രൊത്തുനിന്നടലുമെങ്കിലോ,
മല്ലനേർമിഴിയെമാപ്പിരന്നുതരി;
    കല്ല്,ഭാവമതിന്നെങ്കിലോ
വെല്ലുവാൻവരിക പോരിലായുധ-
    ഗണങ്ങളൊത്തവിഭവത്തൊടും” ൨൧

പോരിന്നെത്തിടുക; നേർത്തടുക്ക,
    നിശിതങ്ങളാകിയ ശരങ്ങളേ-
റേററിവാനലകിലെത്തിയങ്ങനെ
    രമിച്ചുകൊള്ളുകമുറയ്ക്കു നീ”
ഗീരിതേത്തുമരുളുംപടിക്കശരി-
    യായ്ധരിച്ചുടനെ യംഗദൻ
നേരുമന്നെറിയുമറെറാരാ
    മുമ്പിലുമണഞ്ഞുരേ ൨൨

MUL
165341

പതിമൂന്നാം പടലം

1. വൻതഴ=വലിയതഴ. വൻതഴയുടെ നിഴലിൽ. യുദ്ധസാധനസമൃദ്ധി=യുദ്ധസാധനങ്ങളുടെ ആധിക്യത്തിൽ. അമിതചാപലത്തൊടു്=അമിതമായ ചാപല്യത്തോടുകൂടി. കപിവ്രജം=വാനരസമൂഹം. അന്തരം=ഇടയ്ക്കു്.

2. അമ്പിളിക്കല=ചന്ദ്രക്കല. ഹർമ്മ്യരാജി=മാളികനിര. ശില=കല്ലു്. കമ്പിതംനഗരി=നഗരമാകെ ഇളക്കപ്പെട്ടതു്. മുമ്പുപിമ്പു്=മു

165341
38269
O32:1G19:1l3

മ്പിലും പിമ്പിലും. കപിസേന=വാനരസൈന്യം. നൃപർ=രാമലക്ഷ്മണാദികൾ.

3. തക്കംഒത്തു്=തരം അനുസരിച്ചു്. ഈറാഴന്ന അക്കിഴക്കരിയ ഗോപുരത്തിനു്=സുശക്തമായ കിഴക്കൻഗോപുരത്തിനു്. നീലൻ=(വാനരൻ) സൈന്യനേതൃവിഭവത്തോടും=സൈന്യനായകരുടെ സാമഗ്രികളോടെ.

4. അംഗദൻ=ബാലിപുത്രൻ. ഗജൻ=മറെറാരുവാനരൻ. ഐവർ=അഞ്ചുപേർ. തെക്കുവശമുള്ള ഗോപുരം=തെക്കേഗോപുരം. ഉൾത്തിങ്ങുംഈറയൊടു്=ഉള്ളിൽ മികച്ച കോപത്തോടെ. എതിർത്തിടുന്ന അടവു്=എതിർക്കുന്ന വിധം.

5. ഉദ്യമങ്ങൾ=യത്നങ്ങൾ. തിറംനന്നിയന്നൊരു=നല്ല തിറമുള്ള. അടൽക്കടയകോപ്പോടും=യുദ്ധസാമഗ്രികളോടും. പടിഞ്ഞാറെഴുന്നവരഗോപുരത്തറയിൽ=പടിഞ്ഞാറേ ഗോപുരത്തിൽ.

6. മൈഥിലീഹൃദയമോദകാരി=സീതാഹൃദയത്തിനു് സന്തോഷം നിർവ്വഹിച്ചവൻ. മഹിതൻ=ശ്രേഷ്ഠൻ. ആ ധരേശൻ=ആ രാജാവു്. രോധനം=എതിർപ്പു്. നിശിചരിവർഗ്ഗം=രാക്ഷസർ. ആധികൊൾവതിനു തന്നെ=ആധിയേൽക്കാൻതന്നെയാണു്. ഉഴറി=ബദ്ധപ്പെട്ടു്. ആജിഭൂവിൽ=യുദ്ധരംഗത്തിൽ.

7. ദേവദേവൻ=ദേവേശൻ. കേവലാത്മപുരുഷൻ=പരംപുരുഷൻ. അനുജനോടും=ലക്ഷ്മണനോടും. ആ വരേണ്യരണഭൂമി=ആ ശ്രേഷ്ഠമായ യുദ്ധക്കളം.

8. വാനരപ്പടകൾ വീണ്ടും അണിചേർത്തു്=വീണ്ടും ധാരാളം ഭടന്മാരെ അണിചേർത്തു്. ഉത്തരാശയിൽ=വടക്കുദിക്കിൽ. മാനവേന്ദ്രമണി=രാജശ്രേഷ്ഠൻ. നിശിചരർക്കും അത്തലിനും അന്തംഅരുളാൻ=രാക്ഷസന്മാർക്കും സ്വപക്ഷത്തിന്റെ ദുഃഖത്തിനും അവസാനം വരുത്തുവാൻ.

9. ചൊല്ലിടാം=(രാവണൻ പറയുന്നു) ഇതൊരു ഹേതുവായ്=ഇതു ഹേതുവായിട്ടു്. മമത=സ്നേഹം. നഷ്ടമാകൊല്ല=നഷ്ടമാകരുതു്. രവിതനുജ=സൂര്യപുത്ര, സുഗ്രീവ.

10. നിങ്ങൾതമ്മിൽ=സുഗ്രീവനും രാമനുംതമ്മിൽ. മൈത്രീ=സഖ്യം ഒരുവൻ മനുഷ്യനൃപൻ=ഒരാൾ (രാമൻ) മാനുഷരാജാവു്. അന്യനോ?=മറെറാരാളോ. തുംഗവാനരവരൻ=ശ്രേഷ്ഠനായ വാനരനായകൻ. അവനെ=ആ രാമനെ. ഭവാൻ (സുഗ്രീവൻ)

11. പേടമാൻമിഴിവിദേഹജാതയെ=പേടമാൻമിഴിയായ വൈദേഹിയെ. ഹരിച്ചു്=അപഹരിച്ചു്. അലകടൽകടന്നു്=സമുദ്രംകടന്നു്. ഈടെഴും=ഈടുള്ള. നിജപുരത്തിൽ=സ്വന്തം നഗരിയിൽ. കൂടലർപ്പടയിൽ=ശത്രുസൈന്യത്തിൽ. കൂടിടുന്ന=വന്നുചേരുന്ന. അശിച്ചു്=ഭക്ഷിച്ചു്.

12. കൂടിയാൽ ദിവസം എട്ടുവേണം=ഏറെക്കവിഞ്ഞാൽ എട്ടുദിവസം വേണം. നിശിചാരിഗണത്തെ=രാക്ഷസഗണത്തെ. മടക്കിനാൻ=തിരിച്ചയച്ചു. രവിപുത്രൻ=സുഗ്രീവൻ.

13. അത്തരം=അപ്രകാരമുള്ള. കപികുലേശവാക്കു=സുഗ്രീവവാക്യം. നിജദൂതനോതുമളവു്=സ്വന്തദൂതൻ പറഞ്ഞപ്പോൾ. അരിശം=കോപം. തത്ര=അവിടെ. ബാലിസുതൻ=അംഗദൻ. എന്തുചൊല്ലി=എന്താണു് പറഞ്ഞതു്?

14. ദശരഥന്റെ പുത്രരിലൊരാളും=ശ്രീരാമലക്ഷ്മണന്മാരിൽ ആരും. ചൊന്നിട്ടു്=ചൊല്ലുക. ആ ചപലവാനരപ്പട=ചാപല്യമുള്ള വാനരപ്പട. നിലയെന്തെവറ്റയുടെ=അവരുടെ നിലയെന്തു്? എന്തുവാൻ=എന്തായിരിക്കും.

15. സമസ്തം=ഈ ചോദിച്ചതെല്ലാം. അനിലപുത്രൻ=ഹനുമാൻ. വല്ലഭത്വം=സാമർത്ഥ്യം. ഇയറുന്ന=പുലർത്തുന്ന (വഹിക്കുന്ന) ധാർഷ്ട്യം=ധൃഷ്ടത.

16. അപ്പടയ്ക്കുകൂട്ടിനും വഴിതെളിക്കുവാനും=ആ സൈന്യത്തിന്റെ സഹായത്തിനും നേതൃത്വത്തിനും രാമൻ, അനുജാതനൊത്തു്=അനുജനമൊന്നിച്ചു്. എതിരാളിമാർ=ശത്രുക്കൾ.

17. എന്തുവാൻ=എന്തു്? അന്തരായം=വിഘ്നം. അഭിജ്ഞർ=വിദ്വാന്മാർ. അറിവുള്ളവർ, വിജയമിഹനമ്മിലേ തെളികവേണം=നാം വിജയിക്കണം. മധുരവാണി=സുന്ദരിയായ സീത.

18. ഉങ്കു് കാട്ടിടണം=അഹങ്കാരം കാണിക്കണം. അടക്കം ആർക്കും അരുതു്=ആരും അടങ്ങിയിരിക്കരുതു്. ലങ്കതൻപതി=രാവണൻ.

19. മന്നവേന്ദ്രമണി=രാജശ്രേഷ്ഠൻ. അംഗദനെ=ബാലിപുത്രനെ. ഇവനുരച്ചിടുംപടി=ഞാൻ പറയുന്നപോലെ. നന്നുനിന്റെബലംഏത്തും=നിന്റെ ബലമെല്ലാം കൊള്ളാം.

20. ആർത്തിയററു്=ദുഃഖമില്ലാതെ.

21. നല്ലതോതുവതിനു് ഒത്തതാംസമയം=നല്ലതുപറയാൻ തക്ക കാലം. ഉയിരൊത്തുനിന്നുടലുംഎങ്കിലോ=നിന്റെജീവനും ശരീരവും ഒന്നിച്ചിരിക്കണമെങ്കിൽ. മല്ലവേൽമിഴിയെ=സുന്ദരിയായ സീതയെ. മാപ്പിരന്നുതരിക=മാപ്പുചോദിച്ചുതന്നുകൊള്ളുക.

22. നേർത്തുടക്ക=എതിർത്തു എത്തുക. നിശിതങ്ങൾ=മൂർച്ചയുള്ളവ. ഏറിവാനുലകിൽ=സ്വർഗ്ഗലോകത്തു എത്തി. സ്വർഗ്ഗത്തുപോയി സുഖിക്കുക. ഗീര് ഇതേതും=ഈ വാക്കേതും, നേരും ആ നെറിയുംഅററ=നേരും നെറിയും ഇല്ലാത്ത. ആശരനൃപനുമുമ്പിൽ=രാക്ഷസരാജസമക്ഷം.

## പതിന്നാലാം പടലം.

“ചതിക്കു വനമെത്തിയജ്ജനകപുത്രിയെക്കട്ടു നീ
മതിഭ്രമമൊടും സമുദ്രതരണംകഴിച്ചങ്ങനെ
മദിച്ച ശഠ, നിന്നൊടിന്നടലിലേല്ക്കുവാൻ വന്നു ഞാൻ
പതംഗനുടെസൂനവൊത്തു രഘുവീരസൈന്യത്തൊടും” ൧

“ശരിക്കുപടയെത്തിയെങ്കിലിനിയില്ലതാൻതാമസം
കരീന്ദ്രരെയടൽക്കുകണ്ടലറിടുന്നസിംഹങ്ങൾപോൽ.
നിരപ്പെയിഹ വാനരങ്ങളെയെതിർത്തുവെട്ടിത്തക-
ർത്തരുംനിണമരക്കരങ്ങനെകുടിച്ചിടട്ടേ ജവാൽ.” ൨

എതിർത്തുടനെയംഗദൻ രഘുകുലേശദൂതോതിനാൻ:-
“പതിക്കിഹ പദത്തിലെൻ ജനകപുത്രിയെത്തന്നു നീ;
അതല്ലഹിതമെങ്കിലോ പെരിയപോര നീ നിന്നൊടി-
മ്മുതിന്നണയുമെന്നൊടേല്പതിനിറങ്ങുകിപ്പോൾ ക്ഷണാൽ!”

തിറംപെടുവൊരിമ്മൊഴിക്കു പുരികങ്ങളാഹാ, വള-
ച്ചുറഞ്ഞൊരരിശത്തിനാൽ ചുവചുവെക്കുനേൽക്കണ്ണൊടും,
പറഞ്ഞിതുദശാനനൻ യമനൊടൊത്തൊരാൾക്കാരൊടായ്
“മുറയ്ക്കിവിടെവന്നു കെട്ടിടുവിനിക്കുരങ്ങച്ചനെ.” ൪

അനക്ഷണമണഞ്ഞരാക്ഷസരെയംഗദൻ നേർത്തുടൻ
ചിനംപെരുകിയേറിയത്തലകൾ തച്ചുകൊന്നീടിനാൻ
അനന്തരമവൻ കടന്നു ബഹുധൈര്യമായ് രാമനോ-
ടിനാത്മജനൊടക്കപീന്ദ്രരൊടുമേ കഥിച്ചാനെതും. ൫

“പ്ലവംഗരെയൊടുക്കിടും, രഘുകുലേശനെക്കൊന്നിടും
ജവാൽ ദശമുഖൻ ജയിക്കു”മിവയംഗദൻചൊൽകവേ,
അവന്റുഗ്രനവവീര്യമാന്നവിടെയപ്പെരുംസേനയും
രവിക്കുസുതനാജ്ഞചൊല്ലിയുടനേ നടത്തീടിനാൻ. ൬

തിട്ടക്കമൊട്ടനീങ്ങുമപ്പട മികച്ചശൈലങ്ങൾചെ-
ന്നെടുത്തു പരിഖങ്ങൾമൂടി മര,മാമലക്കല്ലുകൾ,
പട്ടതപമൊട്ട പേറിയജ്ജലധി ഗജ്ജിക്കമ-
പ്പടിക്ക രവമാന്നരക്കരൊട്ട നേത്തു യുദ്ധത്തിനായ്. ൭

എതിത്ത കപിസേനയോടെതിരിലാശരർ തേരിലും
കുതിച്ചകുതിരയ്ക്കുമേൽ,ക്കരിവരോരുകണ്ടത്തിലും,
ഇതത്തൊട്ടകരേറിയെത്തി; സമശക്തരാം നായകർ
സ്വതന്ത്രമുരപെററതുല്യരൊട്ടചെന്നുപോരാട്ടമായ്. ൮

ഇടഞ്ഞിതിവനൊപ്പമെന്നുരപെട്ടന്ന, 'ദേവേന്ദ്രജി'-
ത്തൊടന്നുകപി'യംഗദൻ' പ്രഥിത'ജംബുമാല്യാ'ഖ്യനോ,
തുട'ന്നനിലപുത്ര'നോട്ടടനെയെത്തി 'സുഗ്രീവനോ'
നടന്നിതുടനേ'പ്രഹസ്ത'നൊട്ടനേത്തിടഞ്ഞീട്ടവാൻ. ൯

അഴിച്ച'വിവിദൻ' മദംപെരിയ'മിന്നൽനേർനാവ'ന-
ന്നഴന്നരിയ'നീല'നേററിതു'നികുംഭ'നോട്ടജപലം,
വഴിക്കെതിരുനിന്നു 'മൈന്ദ'കപി 'വജ്രമുഷ്ടി'ക്കു്;പോ-
യൊഴിച്ച'ഗജ'നാമവാൻ, 'പനസ'നുള്ളവന്മേതുമേ. ൧൦

'പ്രശംഖ'നെയെതിത്തു വൻകപികളഞ്ചുസേനാനിമാർ
പ്രശസ്തിപെട്ടമാ ഗവാക്ഷകപി 'മിത്രഘ്നാതി'യ്ക്കെതിർ
ഭൃശം പടയിലേററു രംഭനൊട്ട ലക്ഷ്മണൻതാനുമ-
ന്നാശങ്കിതമിവണ്ണമന്നവരശേഷവും യുദ്ധമായ്. ൧൧

## പതിന്നാലാം പടലം

അംഗദൻരാവണനോടു പറയുന്നു—സമുദ്രതരണം=സമുദ്രം കടക്കുക എന്നതു്. മദിച്ചശഠ=അഹങ്കരിച്ച അല്ലയോ ശാഠ്യക്കാരെ, അടലിൽ=യുദ്ധത്തിൽ. എല്ക്കുവാൻ=എതിർക്കുവാൻ. പതംഗനുടെ സൂനു=സൂര്യന്റെ പുത്രൻ. (സുഗ്രീവൻ) രഘുവീരസൈന്യം=ശ്രീരാമസൈന്യം.

2. ശരിക്കു് പടയെത്തീടെങ്കിൽ=ശരിക്കു് സൈന്യവുംകൂടെ എത്തി എന്നാൽ. കരീന്ദ്രരെ=ആനകളെ. അരുംനിണം=കൊടുംചോര.

3. രഘുകുലേശദൂതു്=രാമന്റെ ദൂതു്. പതിക്ക ഇഹ=ഇവിടെ വീഴുക. പദത്തിൽ=കാല്ക്കൽ. നിന്നോടുമതിന്നാനയും എന്നോടു്=നിന്നോടു് എതിർക്കുന്ന എന്നോടു്.

4. തിറംപെടുവോരു=സമർത്ഥമായ. പുരികങ്ങൾവളച്ചു്=കഠിന കോപത്തിന്റെ അടയാളമായി.

5. അനുക്ഷണം=ക്ഷണംതോറും. ചിനംപെരുകി=കോപംവർദ്ധിച്ചു് രാമനോടു്, ഇനാത്മജനോടു്, കപിധ്വജമൊടും=ശ്രീരാമൻ, സുഗ്രീവൻ, വാനരന്മാർ എന്നിവരോടു്.

6. പ്ലവംഗരെയൊടുക്കിടും=വാനരന്മാരെ ഹനിക്കും. അവർണ്ണ്യനവവീര്യമാന്നു്=അവർണ്ണ്യമായ പുത്തൻവീര്യത്തിൽ. രവിസ്സു സുതൻ ആജ്ഞചൊല്ലി=സുഗ്രീവൻ കല്പിച്ചു്.

7. തിടുക്കമൊടു്=ബദ്ധപ്പാടിൽ. മികച്ചശൈലങ്ങൾ=വലിയ പർവ്വതങ്ങൾ, പരിഖങ്ങൾ=കിടങ്ങുകൾ. മരമാമലകല്ലുകൾ=മരം വലിയമല, കല്ലുമുതലായവ. പടുത്വമൊടു്=സാമർത്ഥ്യത്തിൽ. പേറി=വഹിച്ചു്. ഗർജ്ജിക്കുമെപ്പടിക്കു്=ഗർജ്ജിക്കുന്നവിധം. രവമാന്നു്=ശബ്ദത്തോടെ.

8. ആശരർ=രാക്ഷസന്മാർ. കരിവരാരുകണ്ഠത്തിലും=കരിവരന്മാരുടെ വലിയകഴുത്തുകളിലും. സമശക്തരാം=തുല്യശക്തരായ. സ്വതന്ത്രം=സ്വതന്ത്രമായി. ഉരപെററ=കീർത്തികേട്ട. തുല്യരൊടു്=തുല്യന്മാരോടു്.

9. ഇടഞ്ഞിതു=എതിർത്തു. ഇവൻ ഒപ്പമെന്നു്=ഇവൻ തുല്യമാണെന്നു്. ദേവേന്ദ്രജിത്തോടു്=ഇന്ദ്രജിത്തിനോടു്. അംഗദൻ=അംഗദൻ യുദ്ധത്തിനിറങ്ങി. പ്രഥിതജംബുമാല്യാഖ്യൻ=കീർത്തിമാനായ ജംബുമാലി.

10. മിന്നൽനേർനാവൻ=വിദ്യുജ്ജിഹ്വൻ.

11. പ്രശാഖൻ=ആ പേരുള്ള രാക്ഷസൻ. സേനാനിമാർ=സേനാനായകന്മാർ. മിത്രഘാതി=മിത്രഘ്നൻ എന്ന രാക്ഷസനെ എതിർത്തു.

# പതിനഞ്ചാം പടലം

ദാശരഥിതന്നോടതിവീര്യമൊടുനേർത്താർ
വാശിയൊടു യാഗരിപുവഹ്നികൊടിയോനും,
നാശമിയലാക്കി രണകേതനനമൊത്താ-
നാശരമഹാരഥരിവണ്ണമവരേററാർ. ൧

മിന്നലൊളിനാവനൊടെതിർത്തു പനസാഖ്യൻ
നിന്നിതുടന്നളനടുത്തിതടലേല്ക്കാൻ,
അന്നധികകീർത്തിയുതനാപ്രതപനോടാ-
യുന്നതരനേക,മതിചിത്രമമർചെയ്താർ. ൨

അപ്പടയിലക്കപികുലേശരൊരുപോലെ
കെല്പിയലുമാശരരെ നേർത്തു വിജയിച്ചാർ,
അപ്പതിയിലാണ്ടു രവിബിംബ, മിരുളെത്തി
തല്പര,രരക്കരുഗ്രമാരോചതി തുടർന്നാർ. ൩

വൻതടികൾ, മാമരവുമേററകപിവൃന്ദം
സന്തത,മരാതികടെ നേർക്കെറികയായി
പിൻതിരിയുമക്കപികളെ ദ്രുതമരക്കർ
നൊന്തിടുകെ വാലൊടു പിടിച്ചുടനെറിഞ്ഞാർ. ൪

ചെന്നണകെ, രാക്ഷസരെ മെയ്ത്തടവിദംഷ്ട്രം
ചിഹ്നമതുകണ്ടുടനെ വീരകപിയോധർ
അന്നപരമീറയൊടു് ക്രൂരവെ മുടിച്ചാർ
വെന്നിതവർ വൻമലക,ളുഗ്രശിലകളാലും. ൫

ഏറുവൊരു കോപമൊടുവന്നരുവർമൂടി
ക്കേറുവരെ, മുന്നമെതിരിട്ടവരെ നാലും,
വീറൊടത, കണ്ടരിയവൻപടയൊടൊപ്പായ്
വീരമണി രാഘവനൊടുക്കി വിജയിച്ചാൻ. ൬

ശത്രുതതിതന്നുടയ ബാണഗണമല്ല-
ശ്ശസ്ത്രനിരയും പരമെതിക്കെ, യതിവീരൻ,
യുദ്ധമൂറയേററതുള്ളമംഗദനെ നോക്കി-
ബ്ബുദ്ധരിപു മേഘനിനദാഖ്യനിരുള്ളിങ്കൽ. ൭

വൻമദമൊടാത്തകപിവൃന്ദതനുവാകെ-
ത്താൻമുടിവു ചേക്കുവതിനായുരഗ, മസ്ത്രം,
അമ്മറവിലായവനെടുത്തഹഹ, തൊടുത്താൻ
തന്മനുജപുംഗവനൊടും പുനരെതിത്താൻ. ൮

അങ്ങവനിടയ്ക്കുണകെ വാനരരിലെങ്ങും
തിങ്ങിയടിതൊട്ടു മുടിയോളമിഷുജാലം,
പൊങ്ങിടവെ ലക്ഷ്മണനെ നേത്തു പലതസ്ത്രം
ഭംഗകരമങ്ങനെയുതിത്തു ബഹുനീചൻ. ൯

ഗാത്രമളവേ, ബഹുലമസ്ത്രഗണമേറേറാ-
രാത്തിയൊടു ദാശരഥിമാരുടനെ വീണാർ
പാത്തലമിളക്കെയവനാത്തു; കപിമാര-
മ്മാത്രയിലഹോ ചുഴലെ നോക്കിയെഴനേററാർ ൧൦

പോയ്മറയുമേ രിപുഗണങ്ങളിനിയെന്നായ്
താഴ്മയിലുരച്ചു ദശവക്ത്രനൊടു പുത്രൻ,
മേന്മയതുപാത്തു നിജസൗധവരമേറി-
ത്താൻ മഹിതനെന്ന നിനവാന്നിതു ദശാസ്യൻ ൧൧

MUL
165341
165341
38269
032:IG19:1⅓
H8
UNIVERSITY LIBRARY
1956

## പതിനഞ്ചാം പടലം

1. യാഗരിപു=യജ്ഞരിപു എന്ന രാക്ഷസൻ. അഗ്നികൊടിയോൻ=മറ്റൊരു രാക്ഷസൻ. കിരണകേതനൻ=വേറൊരു രാക്ഷസൻ. ആശരമഹാരഥർ=രാക്ഷസവീരന്മാർ.

2. മിന്നലൊളിനാവൻ=വിദ്യുജ്ജിഹ്വൻ. പനസാഖ്യൻ=പനസൻഎന്നു പേരുള്ളവൻ. അടലേൽക്കാൻ=യുദ്ധത്തിന്. പ്രതപൻ=മറ്റൊരു രാക്ഷസൻ.

3. കപികുലേശർ=വാനരവീരന്മാർ. അപ്പതി=സമുദ്രം. തല്പരർ=താല്പര്യമുള്ളവർ.

7. മേഘനിനദാഖ്യൻ=മേഘനാദൻ (അ) ഇന്ദ്രജിത്ത്.

8. കപിവൃന്ദതനു=കപിസമൂഹശരീരങ്ങൾ. ഉരഗാസ്ത്രം=നാഗാസ്ത്രം. തന്മനുജപുംഗവൻ=ആ മാനുഷേന്ദ്രനായ രാമൻ.

9. ഇഷുജാലം=അസ്ത്രസമൂഹം

10. ദാശരഥിമാർ=ശ്രീരാമലക്ഷ്മണന്മാർ. പാർത്തലം=ഭൂമി. ചുഴലെ=ചുററും.

11. പോയ്മറയുമേ=പോയി മറയുമല്ലോ. രിപുഗണങ്ങൾ=ശത്രുസമൂഹം. പുത്രൻ=ഇന്ദ്രജിത്ത്. താൻമഹിതൻ=താൻ ശ്രേഷ്ഠൻ.

7 AUG 1956